കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2018-19

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail: doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ എൻ ആർ /സി1-121/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,

ഇമെയിൽ: doknr.ksad@kerala.gov.in

ഫോൺ: 0497-2707698

തീയതി: 02.03.2020.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം: പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത്-2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്.

********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ 1-5, 1-12, 1-13, 1-16, 1-22, 1-23, 1-26, 1-27, 1-29 ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)], ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (എയിംസിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഇമെയിൽ)

3) കാര്യാലയ പകർപ്പ്

നം.കെഎസ്എ/കെഎൻആർ/സി1-121/2020.

തീയതി: 02.03.2020.

## കണ്ണൂർ ജില്ലയിലെ പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം- വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കണ്ണൂർ ജില്ലയിലെ പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 16.07.2018 മുതൽ 31.12.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ ശശികുമാർ.എം.പി.,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.01.2020 മുതൽ 01.02.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.സിന്ധു.ടി.പി.,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |

| | |
|---|---|
| | ശ്രീ.ഷാജു തോമസ്,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ലീലാകൃഷ്ണൻ.എൻ.എം,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.പ്രമോദ്.കെ., ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.നളിനി.പി | 01.04.18 മുതൽ 31.03.19 വരെ |
| സെക്രട്ടറി | ശ്രീമതി.മഞ്ജുഷ.പി വി കെ | 01.04.18 മുതൽ 31.03.19 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.നിഷ ജി | 01.04.18 മുതൽ<br>31.03.19 വരെ |
| വെറ്റിനറി സർജ്ജൻ | ഡോ.വിനീത് പണിക്കർ | 01.04.18 മുതൽ<br>31.03.19 വരെ |
| വി ഇ ഒ, പെരിങ്ങോം | ശ്രീ അരുൺ കുമാർ.എം | 01.04.18 മുതൽ<br>31.03.19 വരെ |
| വി ഇ ഒ,പാടിച്ചാൽ | ശ്രീമതി.ബിന്ദു.പി.വി. | 01.04.18 മുതൽ<br>31.03.19 വരെ |
| സൂപ്രണ്ട്,<br>താലൂക്ക് ഹോസ്പിറ്റൽ | ഡോ.ജയറാം | 01.04.18 മുതൽ<br>09.04.18 വരെ |
| | ഡോ.അനിത.എം എൻ | 10.04.18 മുതൽ<br>31.03.19 വരെ |
| മെഡിക്കൽ ഓഫീസർ,<br>ആയുർവേദം | ഡോ.രാഖി.ടി.പി. | 01.04.18 മുതൽ<br>23.07.18 വരെ |
| | ഡോ.സാജൻ | 24.07.18 മുതൽ<br>31.03.19 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ ദാമോദരൻ. പി | 01.04.18 മുതൽ<br>31.03.19 വരെ |
| ഐസിഡിഎസ് | ശ്രീമതി.വിഭ.വി | 01.04.18 മുതൽ |

| | | |
|---|---|---|
| സൂപ്പർവൈസർ | | 01.07.18 FN വരെ |
| | ശ്രീമതി.ബീന കെ | 01.07.18 AN മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ഒഴിവ് | 01.04.18 മുതൽ 29.06.18 വരെ |
| | ശ്രീ.വേണുഗോപാലൻ.എ.കെ | 30.06.18 മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.എബി സ്റ്റാലിൻ | 01.04.18 മുതൽ 14.05.18 വരെ |
| | ശ്രീ.വാമനൻ. പി. | 15.05.18 മുതൽ 31.03.19 വരെ |

ഉള്ളടക്കം


| ഭാഗം-1 ഓഡിറ്റ് റിപ്പോർട്ട് | | |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | ആഭ്യന്തര നിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ |
| 12 | 1-12 | റസീറ്റ് ബുക്ക് കൈകാര്യം ചെയ്യുന്നതിലെ അപാകങ്ങൾ |
| 13 | 1-13 | വസ്തു നികുതി- അപാകങ്ങൾ<br>(a) കെട്ടിടങ്ങളുടെ ഉപയോഗക്രമം രേഖപ്പെടുത്തിയതിലെ അപാകങ്ങൾ- ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം<br>(b) പുതിയകെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോൾ ഒറ്റത്തവണ നികുതി ഒടുക്കിയത് ഉറപ്പു വരുത്താത്തതും മറ്റ് അപാകങ്ങളും |
| 14 | 1-14 | എഫ്.ടി.ഇ&ഒ.എസ് ലൈസൻസ് ഫീസ് ഈടാക്കിയതിലെ |

| | | |
|---|---|---|
| | | അപാകങ്ങൾ-5,242/- രൂപയുടെ വരവു നഷ്ടം |
| 15 | 1-15 | കരാർ ഒപ്പിടാൻ കാലതാമസം - നിയമാനുസൃതമുള്ള പിഴ ഈടാക്കിയിട്ടില്ല |
| 16 | 1-16 | സ്റ്റോക്ക് രജിസ്റ്റർ – കണക്കുകൾ കൃത്യമല്ല |
| 17 | 1-17 | ഇ ടെണ്ടർ-ടെണ്ടർ ഫീസ് തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് |
| 18 | 1-18 | ശമ്പള പരിഷ്കരണം 2014-കുടിശിക അനുവദിച്ചതിൽ അപാകം |
| 19 | 1-19 | തെരുവ് വിളക്ക് പരിപാലനം -തുടർ നടപടി സംബന്ധിച്ച് |
| 20 | 1-20 | ഒ ഡി എഫ് പദ്ധതി- റീഇമ്പേഴ്സ് മെന്റ് തുക നാളിതു വരെ വിനിയോഗിച്ചിട്ടില്ല |
| 21 | 1-21 | ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നതിന്റെ വിവരങ്ങൾ യഥാസമയം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല |
| 22 | 1-22 | രേഖകൾ ഹാജരാക്കിയില്ല, 12,44,700/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 23 | 1-23 | പട്ടിക ജാതി /പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് കമ്പ്യൂട്ടർ നൽകൽ -3,88,900/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. |
| 24 | 1-24 | എസ്.എസ്.എ. പദ്ധതിക്ക് വിഹിതം നൽകൽ: വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. |
| 25 | 1-25 | വീട് വാസയോഗ്യമാക്കൽ - പദ്ധതി തയ്യാറാക്കിയതിലേയും നിർവ്വഹണത്തിലേയും അപാകങ്ങൾ-1,00,000/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു |
| 26 | 1-26 | പ്ലാസ്റ്റിക്ക് ശേഖരണ പദ്ധതി – മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കപ്പെട്ടിട്ടില്ല |
| 27 | 1-27 | ജലനിധി പദ്ധതി – കുടിവെള്ള പദ്ധതികൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് |
| 28 | 1-28 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - മേൽനോട്ടം കാര്യക്ഷമമാക്കേണ്ടതാണ് |
| 29 | 1-29 | സാന്ത്വന പരിചരണ പദ്ധതി-ചെലവുകൾ സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കുന്ന നിരക്കിൽ പരിമിതപ്പെടുത്തേണ്ടതാണ്. |

ഭാഗം-2 വ്യക്തമായ വരവു നഷ്ടം പ്രതിപാദിക്കുന്ന ഖണ്ഡികകൾ

ഇല്ല

ഭാഗം-3 വ്യക്തമായ ചെലവു നഷ്ടം പ്രതിപാദിക്കുന്ന ഖണ്ഡികകൾ

| | | |
|---|---|---|
| ഇല്ല | | |
| ഭാഗം-4 ഓഡിറ്റ് പ്രത്യവലോകനം | | |
| 31 | 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 32 | 4-2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 33 | 4-3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 34 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 35 | 4-5 | വായ്പ / വായ്പാതിരിച്ചടവ് |
| 36 | 4-6 | സ്ഥിര നിക്ഷേപങ്ങൾ, ഇൻവെസ്റ്റ്മെന്റുകൾ |
| 37 | 4-7 | ഓഡിറ്റ് റിക്കവറി |
| 38 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ |
| 39 | 4-9 | ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം |
| 40 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 41 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധ പത്രികകൾ | | |
| 42 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 43 | അനുബന്ധം-2(1) | റെസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 44 | അനുബന്ധം-2(2) | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് |
| | അനുബന്ധം-2(3) | ബാലൻസ് ഷീറ്റ് |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ബജറ്റ് 27.03.2018 തീയതിയിലെ 42/2018 തീരുമാന പ്രകാരം അംഗീകരിച്ചു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---:|
| മുന്നിരിപ്പ് | 6,30,438 |
| വരവ് | 19,58,99,000 |
| ആകെ | 19,65,29,438 |
| ചെലവ് | 19,57,02,500 |

| | |
|---|---|
| നീക്കിയിരിപ്പ് | 8,26,938 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.19 | 10.05.19 | തിരിച്ചയച്ചിട്ടില്ല | -- |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,16,74,819 |
| വരവ് | 9,52,09,854 |
| ആകെ | 10,68,84,673 |
| ചെലവ് | 9,00,91,828 |
| നീക്കിയിരിപ്പ് | 1,67,92,845 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 2,39,19,000 | 2,39,19,000 | 2,28,43,125 | 10,75,875 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 30,49,000 | 30,49,000 | 30,48,900 | 100 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 5,64,000 | 5,64,000 | 5,64,000 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 91,69,000 | 91,69,000 | 89,95,946 | 1,73,054 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 45,60,000 | 45,60,000 | 30,81,868 | 14,78,132 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 99,41,000 | 99,41,000 | 76,86,188 | 22,54,812 |

| | | | | | | |
|---|---|---|---|---|---|---|
| (ACR പ്രകാരം) | | | | | | |
| സാക്ഷരത | | 291 | 82,001 | 82,292 | 81,287 | 1,005 |
| ദുരിതാശ്വാസനിധി | | 3,479 | 1,02,169 | 1,05,648 | 62,000 | 43,648 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളി കളുടെ കൂലി | 0 | 3,02,22,282 | 3,02,22,282 | 3,02,22,282 | 0 |
| | അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 1,803 | 4,65,518 | 4,67,321 | 4,63,121 | 4,200 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ഐ.സി.ഡി.എസ് | | 7,54,100 | 9,28,479 | 16,82,579 | 4,00,000 | 12,82,579 |
| ടിഎസ് സി | | 46,52,595 | 0 | 46,52,595 | 0 | 46,52,595 |
| എസ് എസ് എ | | 1,44,699 | 5,132 | 1,49,831 | 0 | 1,49,831 |
| ഡബ്ല്യുജിഡിപി | | 3,68,553 | 13,070 | 3,81,623 | 0 | 3,81,623 |
| ശുചിത്വമിഷൻ ഗ്രാന്റ് | | 0 | 6,24,000 | 6,24,000 | 1,60,000 | 4,64,000 |
| എം പി ഫണ്ട് | | 6,955 | 3,88,212 | 3,95,167 | 3,87,338 | 7,829 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| തൊഴിൽ രഹിത വേതനം | | 0 | 1,89,840 | 1,89,840 | 1,89,840 | 0 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | | 0 | 4,20,000 | 4,20,000 | 4,20,000 | 0 |
| ഉൽപ്പാദന ബോണസ് | | 0 | 32,000 | 32,000 | 32,000 | 0 |
| വിമുക്തി | | 18,310 | 25,000 | 43,310 | 32,850 | 10,460 |
| ലൈബ്രറി ഗ്രാന്റ് | | 0 | 11,640 | 11,640 | 11,640 | 0 |
| 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയതിനുള്ള പ്രതിഫലം | | 0 | 3,000 | 3,000 | 3,000 | 0 |
| ശുചിത്വ മിഷൻ ഗ്രാന്റ് | | 10,000 | 460 | 10,460 | 0 | 10,460 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 3,01,333 | 29,10,303 | 32,11,636 | 16,99,337 | 15,12,299(**) |
| | ജില്ലാ പഞ്ചായത്ത് | 9,18,573 | 36,22,930 | 45,41,503 | 34,68,660 | 10,72,843 |
| ജനറൽ പർപ്പസ് ഗ്രാന്റ്(*) | | | | | | |
| തനത് ഫണ്ട്(*) | ബാങ്ക് | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | അക്കൗണ്ട് | | | | | |
| | ട്രഷറി അക്കൗണ്ട് | | | | | |

(*)വിശദാംശങ്ങൾ ലഭ്യമല്ല

(**)വാർഷിക ധനകാര്യ പത്രികയിലെ ബി 4 ഷെഡ്യൂളിൽ നിന്നും 65,433/- രൂപയുടെ വ്യത്യാസം വന്നത് ഖണ്ഡിക 1-11 ൽ പരാമർശിച്ചിട്ടുണ്ട്.

ലഭ്യമാകുന്ന ഫണ്ടുകൾ യഥാസമയം വിനിയോഗിക്കാത്തത്:
സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുക യഥാസമയം വിനിയോഗിക്കാത്തത് അപാകമാണ്. പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 2018-19 സാമ്പത്തിക വർഷം നീലിരിങ്ങ തോടിന് തടയിണ നിർമ്മാണം എന്ന പദ്ധതിക്കായി ലഭിച്ച 12,00,000/- രൂപയുൾപ്പെടെ ബ്ലോക്ക് വിഹിതമിനത്തിൽ 15,01,333/- രൂപയും ജില്ലാ പഞ്ചായത്തിൽ നിന്നും വലിയ ചിറ വിസിബി നിർമ്മാണത്തിനായി വർഷങ്ങൾക്കു മുമ്പ് ലഭിച്ച 6,61,713/- രൂപയും ഓഡിറ്റ് വർഷാവസാനവും വിനിയോഗിക്കാതെ അവശേഷിക്കുന്നു.
ഇക്കാര്യം എക്സിറ്റ് മീറ്റിംഗിൽ അവതരിപ്പിച്ചപ്പോൾ വലിയ ചിറ വിസിബി നിർമ്മാണം വർഷങ്ങൾക്കു മുമ്പ് ഗുണഭോക്തൃ സമിതി വഴി നടത്തിയതാണെന്നും തുക പൂർണ്ണമായും കൊടുത്തു തീർത്തിരുന്നില്ല എന്നും പ്രസിഡണ്ട് അറിയിക്കുകയുണ്ടായി. ഇതു സംബന്ധിച്ച ഫയൽ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതും അവശേഷിക്കുന്ന തുക തിരിച്ചടക്കേണ്ടതുമാണ്.
തടയിണ നിർമ്മാണം 2018-19 ൽ ആരംഭിച്ചിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നല്കിയിട്ടുണ്ട്.

ആവശ്യകതാ നിർണ്ണയം നടത്താതെ പുസ്തകങ്ങൾ വാങ്ങിയത്:

കണ്ണൂർ ജില്ലാ സെൻട്രൽ ലൈബ്രറി നടത്തിയ പുസ്തകോത്സവത്തിൽ നിന്ന് ₹11,640 (വൗ.നം.21800066/23-04-2018) ചെലവഴിച്ച് 108 പുസ്തകങ്ങൾ വാങ്ങിയിട്ടുണ്ട്. പുസ്തകങ്ങളുടെ ആവശ്യകത ഉറപ്പു വരുത്തിയിട്ടാണോ പുസ്തകങ്ങൾ വാങ്ങിയത് എന്നും ഈ മേഖലയിലുള്ള വിദഗ്ധരുടെ അഭിപ്രായം തേടിയിരുന്നുവോ എന്നും വ്യക്തമല്ല. ഇതു സംബന്ധിച്ചു നല്കിയ ഓഡിറ്റ് അന്വേഷണത്തിനു മറുപടി ലഭ്യമാക്കിയിട്ടില്ല. പുസ്തകങ്ങൾ വാങ്ങുന്നതിനു മുമ്പായി ആവശ്യകത (വിവിധ മേഖലകളിലുള്ള പുസ്തകങ്ങളുടെ) ഉറപ്പു വരുത്തേണ്ടതാണ്.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | പൂർത്തിയാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| (എണ്ണം) | | (എണ്ണം) | | (എണ്ണം) | | (എണ്ണം) | |
| 140 | 10,49,14,198 | 106 | 7,35,18,196 | 12 | 94 | 34 | 67.14 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

..

<u>നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ</u>

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതിച്ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 33,23,500 | 33,23,500 |
| വെറ്റിനറി സർജ്ജൻ | 6 | 6 | 40,14,000 | 28,25,000 |
| വി ഇ ഒ | 12 | 12 | 4,47,22,505 | 3,16,30,935 |
| സൂപ്രണ്ട്,താലൂക്ക് ആശുപത്രി | 4 | 4 | 8,50,000 | 5,54,043 |
| മെഡിക്കൽ ഓഫീസർ, ആയുർവേദ | 2 | 2 | 12,00,000 | 12,00,000 |
| ഹെഡ്മാസ്റ്റർ | 7 | 7 | 24,47,520 | 24,09,990 |
| ഐസിഡിഎസ് സൂപ്പർവൈസർ | 6 | 6 | 60,24,355 | 58,52,951 |
| അസിസ്റ്റന്റ് സെക്രട്ടറി | 5 | 5 | 12,86,947 | 12,11,947 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 74 | 42 | 3,58,50,725 | 1,95,25,268 |
| സെക്രട്ടറി | 17 | 15 | 51,94,646 | 49,84,562 |
| | 140 | 106 | 10,49,14,198 | 7,35,18,196 |

പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ്

(എ) ആസൂത്രണ സമിതി

19.01.17 ലെ 4/17 തീരുമാന പ്രകാരം പന്ത്രണ്ടംഗആസൂത്രണ സമിതി രൂപീകൃതമായിട്ടുണ്ട്. 2018-

19 പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ആസൂത്രണ സമിതിക്കു വേണ്ടി പ്രത്യേകമായി മിനുട്സ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

(ബി) വർക്കിംഗ് ഗ്രൂപ്പുകൾ:

30.01.17 ലെ 16/17(2) തീരുമാന പ്രകാരം ഗ്രാമപഞ്ചായത്തിൽ പന്ത്രണ്ട് വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകൃതമായിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സിൽ പദ്ധതി അവലോകനവുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ ഉണ്ടായിരുന്നില്ല. പദ്ധതി രൂപീകരണത്തിനായുള്ള നിർദ്ദേശങ്ങൾ നല്കുന്നതിലേക്ക് മാത്രമായി വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ചുരുങ്ങിപ്പോകുന്നത് ഒട്ടും ആശാസ്യമല്ല. 11/2018നു ശേഷം 01/2020 ൽ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുള്ളത് എന്നാണ് മിനുട്സ് പരിശോധനയിൽ വ്യക്തമാകുന്നത്. പദ്ധതി മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയായതിനാൽ മുഴുവൻ വർക്കിംഗ് ഗ്രൂപ്പുകളിലും പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട വിശദമായ ചർച്ചകൾ നടത്തുന്നുണ്ടെന്നും വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കപ്പെടുന്നുണ്ടെന്നും ഉറപ്പു വരുത്തേണ്ടതിലേക്ക് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മറ്റികളുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

(സി) സ്റ്റാൻഡിംഗ് കമ്മറ്റികൾ:

നിക്ഷിപ്തമായി ചുമതലകൾ നിർവ്വഹിക്കുന്നതിന്റെ ഭാഗമായുള്ള ചർച്ചകൾ നടത്തുന്നുണ്ടെന്നും കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് നിർദ്ദേശങ്ങൾ നല്കുന്നുണ്ടെന്നും സ്റ്റാൻഡിംഗ് കമ്മറ്റി മിനുട്സ് പരിശോധനയിൽ വ്യക്തമാകുന്നു. നല്കുന്ന നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്ന വിലയിരുത്തൽ ഉണ്ടാകേണ്ടതുണ്ട്. ഘടക സ്ഥാപനങ്ങളുടെ പ്രവർത്തനം കൃത്യമായ ഇടവേളകളിൽ വിലയിരുത്തുന്നതിലും പാലിയേറ്റീവ് പരിചരണ പദ്ധതിയുടെയും അങ്കണവാടി പ്രവർത്തനങ്ങളുടേയും വിലയിരുത്തലിലും വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചതായി കാണുന്നില്ല.
വാർഡ് തിരിച്ചുള്ള ഡെയ്ഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഭാഗത്തു നിന്നുണ്ടായ അപാകമാണ്. ഡെയ്ഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഡി)ഗ്രാമസഭ:

ഗ്രാമസഭ മിനുട്സ് ക്ലോസ് ചെയ്യുമ്പോൾ തീരുമാനങ്ങൾ പങ്കെടുത്ത വോട്ടർമാരിൽ പതിനഞ്ചു പേർ സാക്ഷ്യപ്പെടുത്തിയിരിക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല

നിലവാരമില്ലാത്ത തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിനാൽ ഇടക്കിടെ കേടാകുന്നതായി വിമർശനമുണ്ട്. ക്രൂസ് സപ്ലൈ ചെയ്യുന്ന തെരുവു വിളക്കുകൾ നിലവാരമില്ലാത്തതായതിനാലാണ് ഇങ്ങനെ സംഭവിക്കുന്നതെന്ന് എക്സിറ്റ് മീറ്റിംഗിൽ അറിയിക്കുകയുണ്ടായി. ഗ്രാമസഭകളിൽ സജീവമായ ചർച്ചകൾ നടക്കുന്നുണ്ടെന്നാണ് മിനുട്സ് വ്യക്തമാക്കുന്നത്. പദ്ധതി നിർദ്ദേശങ്ങൾ നല്കുന്നതിലും എൻ ആർ ഇ ജി എസ് അവലോകനം നടത്തുന്നതും ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ അവതരിപ്പിക്കുന്നതിലും നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിച്ചിട്ടുണ്ട്

ഗുണഭോക്തൃതെരഞ്ഞെടുപ്പ്:

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി പ്രിന്റ് ചെയ്യുന്ന അപേക്ഷകളിൽ മാനദണ്ഡപ്രകാരമുള്ള വിഷയങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനുതകുന്ന ചോദ്യങ്ങൾ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. ഉദാഹരണമായി വയോജനങ്ങൾക്ക് കട്ടിൽ എന്ന പദ്ധതിയിൽ വയസ്/ജനനത്തീയതി രേഖപ്പെടുത്താനും വീട് വാസയോഗ്യമാക്കൽ എന്നതിൽ വീടിന്റെ അവസ്ഥ വ്യക്തമാക്കാനും ഉതകുന്ന ചോദ്യങ്ങൾ ചേർക്കാം

അപേക്ഷകളിലെ അന്വേഷണ റിപ്പോർട്ടുകളിൽ വെറുതെ ഒപ്പിടുക മാത്രം ചെയ്യുന്ന രീതിയാണ് കാണുന്നത്. അന്വേഷണ റിപ്പോർട്ട് രേഖപ്പെടുത്തി ഒപ്പിടാൻ ശ്രദ്ധിക്കേണ്ടതാണ്.

ഗുണഭോക്തൃ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത്:

ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷം നടപ്പാക്കിയ പദ്ധതികളുമായി ബന്ധപ്പെട്ട ഗുണഭോക്തൃലിസ്റ്റ് വെബ്സൈറ്റിൽ പരിശോധനക്കായി ലഭ്യമാകുന്നില്ല.
ലൈഫ്ഭവനപദ്ധതി ഗുണഭോക്താക്കളുടെ വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും വി ഇ ഒയുടെയും സെക്രട്ടറിയുടെയും അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കിയ വ്യക്തികളും പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുന്നുണ്ട് എന്നത് അപാകമാണ്.
പാലിയേറ്റീവ് നോമിനൽ രജിസ്റ്ററിൽ ഉൾപ്പെടുന്ന രോഗികളുടെ വിവരങ്ങൾ പ്രസിദ്ധീകരിക്കുന്നതിനായി ഗ്രാമപഞ്ചായത്തിൽ നല്കിയിട്ടുണ്ടെന്നാണ് ഹെൽത്ത് ഇൻസ്പെക്ടർ അറിയിച്ചതെങ്കിലും ആയതും നിലവിൽ വെബ്സൈറ്റിൽ ലഭ്യമാകുന്നില്ല. പാലിയേറ്റീവ് പരിചരണ പദ്ധതിയിൽ നിന്ന് ഒഴിവാകുന്നവരുടേയും പുതുതായി കൂട്ടിച്ചേർക്കുന്നവരുടെയും വിവരങ്ങൾ കൂട്ടിച്ചേർത്ത് നിലവിലുള്ള വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.
നടപ്പാക്കാത്ത പദ്ധതി

18.07.2018 ലെ 150/18 നമ്പർ തീരുമാനത്തിൽ 2017-18 സാമ്പത്തിക വർഷം തുണിസഞ്ചി,പാളപ്ലേറ്റ് നിർമ്മാണയൂനിറ്റ് തുടങ്ങുന്നതിനായി സബ്സിഡി കൈപ്പറ്റിയ മാതൃകാ ജെ എൽ ജി എന്ന കുടുംബശ്രീ സംരംഭം നാളിതുവരെ സംരംഭം ആരംഭിച്ചിട്ടില്ല എന്നും അനുവദിച്ച സബ്സിഡി തിരിച്ചടക്കാൻ ഗ്രൂപ്പ് സന്നദ്ധത അറിയിച്ചിട്ടുണ്ടെന്നും രേഖപ്പെടുത്തിയിട്ടുണ്ട്.പ്രസ്തുത കുടുംബശ്രീ ഗ്രൂപ്പ് ,വ്യക്തമായ ആസൂത്രണം നടത്താതെയും ആവശ്യമായ ഫണ്ട് സംബന്ധിച്ച ധാരണയില്ലാതെയും സബ്സിഡി കൈപ്പറ്റുകയും സംരംഭം ആരംഭിക്കാൻ ശ്രമിച്ചപ്പോൾ യന്ത്രസാമഗ്രികൾ വാങ്ങാനും മറ്റുമായി പ്രസ്തുത തുകയുടെ ഇരട്ടിയിലധികം വേണ്ടി വരുമെന്ന് മനസ്സിലാക്കിയതിനെ തുടർന്ന് പിൻവാങ്ങുകയുമാണ് ഉണ്ടായത്.സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള നിബന്ധനകൾ പാലിക്കാതെ സംരംഭകരെ തെരഞ്ഞെടുത്തതാണ് പദ്ധതി പരാജയപ്പെടാൻ കാരണമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1,803 | 4,65,518 | 4,67,321 | 4,63,121 | 4,200 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 3,02,22,282 | 3,02,22,282 | 3,02,22,282 | 0 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 2,53,11,200 | 2132 |
| കർഷകതൊഴിലാളി പെൻഷൻ | 70,29,500 | 530 |
| വിധവാപെൻഷൻ | 1,74,42,600 | 1406 |
| 50വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 8,77,300 | 67 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 40,87,300 | 330 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.01.2020 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 37,766/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

സ്റ്റാഫ് മീറ്റിംഗ്:

സ്റ്റാഫ് മീറ്റിംഗുകൾ കൃത്യമായ ഇടവേളകളിൽ ചേരുന്നുണ്ടെങ്കിലും ഓഫീസ് പ്രവർത്തനങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ നല്കുന്നതായി മിനുട്സ് ചെയ്യപ്പെട്ടിട്ടില്ല. ജനസൗഹൃദ കാര്യക്ഷമതാ പഞ്ചായത്തായി ഉയർത്തുന്നതിനുള്ള നിർദ്ദേശങ്ങളും നികുതി പിരിവുമായി

ബന്ധപ്പെട്ട നിർദ്ദേശങ്ങളുമാണ് പ്രധാനമായും ഉൾപ്പെടുത്തിയിട്ടുള്ളത്. നല്കുന്ന നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടെന്ന് തൊട്ടടുത്ത മീറ്റിംഗിൽ പരിശോധിക്കപ്പെടേണ്ടതുണ്ട്. ഓഫീസ് മീറ്റിംഗുകൾ ജീവനക്കാരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതിനും അവരുടെ സംശയ ദൂരീകരണത്തിനും കൂടിയുള്ള വേദികളാകുന്നത് അഭികാമ്യമായിരിക്കും.

4.10.2019 തീയതിയിലെ ഓഫീസ് ഉത്തരവു വഴി ഓരോ സെക്ഷന്റെയും ചുമതലകൾ നിർവ്വചിച്ചു കൊണ്ടുള്ള വിശദമായ ജോലി വിഭജന രേഖ തയ്യാറാക്കി നല്കിയിട്ടുണ്ട്.

ക്ഷേമപെൻഷൻ:

പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കാൻ കാലതാമസം വരുന്നതും അപേക്ഷകൾ ലഭിച്ച ക്രമത്തിലല്ലാതെ തീരുമാനമെടുക്കുന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. സർക്കാർ നിശ്ചയിച്ച സമയ പരിധിക്കകം തന്നെ പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഡെത്ത് രജിസ്ട്രേഷൻ സമയത്ത് പെൻഷൻ ഗുണഭോക്താവാണ് മരണപ്പെടുന്നതെങ്കിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ അറിയിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഉദാഹരണമായി ഉദയഗിരി ഗ്രാമപഞ്ചായത്തിലെ പെൻഷൻ ഗുണഭോക്താവ് (ശ്രീമതി. തങ്കമ്മ) 02.06.2018ന് മരണമടയുകയും 26.02.2019 ന് മരണം രജിസ്റ്റർ ചെയ്യാനുള്ള അപേക്ഷ ഗ്രാമപഞ്ചായത്തിൽ നല്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടിയാരിയുടെ പേരിലുള്ള ക്ഷേമപെൻഷൻ (7/2019 വരെയുള്ളത്) അക്കൗണ്ടിലേക്ക് വിജയകരമായി കൈമാറിയിട്ടുണ്ടെന്നാണ് സേവനയിൽ നിന്ന് വ്യക്തമാകുന്നത്.

ഇക്കാര്യം എക്സിറ്റ് മീറ്റിംഗിൽ അവതരിപ്പിച്ചപ്പോൾ അന്വേഷണ റിപ്പോർട്ട് ലഭിക്കാൻ വന്ന കാലതാമസമാണ് അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ വന്ന കാലതാമസത്തിന് കാരണമെന്നും ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കൾ മരണപ്പെടുന്ന മുറയ്ക്ക് ഡാറ്റാബേസിൽ നിന്ന് ഒഴിവാക്കാറുണ്ടെന്നും സെക്ഷൻ ക്ലർക്ക് അറിയിക്കുകയുണ്ടായി. ഉദയഗിരി പഞ്ചായത്തിലെ ഗുണഭോക്താവിന്റെ വിവരങ്ങൾ പ്രസ്തുത പഞ്ചായത്തിനെ രേഖാമൂലം അറിയിക്കുന്നതാണെന്നും മറുപടി നല്കിയിട്ടുണ്ട്.

അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.01.2020 | 12/2019 | 07.01.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.06.2014 | 2009-10 to 2013-14 | 16.07.2014 |

# 1-11 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

വാർഷിക ധനകാര്യപത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

| | |
|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വസ്തുനികുതി ഡിമാന്റ്,കളക്ഷൻ ,ബാലൻസ് (വസ്തുനികുതി-തൻവർഷം,കുടിശ്ശിക) എന്നിവ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.<br><br>മുൻവർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള അഡ്വാൻസ് കലക്ഷനോടൊപ്പം (4,27,608+1,674=4,29,282/- രൂപ) തൻവർഷത്തെ അഡ്വാൻസ് കലക്ഷൻ (0/-രൂപ) കൂട്ടിയതിനേക്കാൾ കൂടുതൽ തുകയാണ് തൻവർഷത്തെ അഡ്വാൻസ് കലക്ഷനായി (6,81,088/-രൂപ) ബി 9 ഷെഡ്യൂളിൽ രേഖപ്പെടുത്തിയത്. സഞ്ചയയിൽ ബുക്ക് അഡ്ജസ്റ്റ്മെന്റായി 1,15,041/- രൂപയും ചേർത്തിട്ടുണ്ട്. 6,81,088/- രൂപ അഡ്വാൻസ് കലക്ഷൻ വന്നതിന്റെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.<br><br>അതു പോലെ തൻവർഷ ഡിമാന്റ്,കലക്ഷൻ, ബാലൻസ് ഇവയും അരിയർ ഡിമാന്റ്, കലക്ഷൻ, ബാലൻസ് ഇവയും മുൻവർഷത്തേയും തൻവർഷത്തെയും ബാലൻസ് ഷീറ്റിലേയും തൻവർഷത്തെ ഇൻകം&എക്സ്പെൻഡിച്ചർ, റസീറ്റ്&പേമെന്റ് പത്രികകളിലേയും തുകകളുമായി താരതമ്യം ചെയ്യുമ്പോൾ ശരിയായ തുക ലഭിക്കുന്നില്ല.<br><br>വസ്തു നികുതിയുമായി ബന്ധപ്പെട്ട (I-18) ഷെഡ്യൂളിലെ അഡ്ജസ്റ്റ്മെന്റ് സംബന്ധിച്ച വിശദമായ സ്റ്റേറ്റ്മെന്റ് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല (449187-232984) |
| 2 | ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റും I-4 ൽ രേഖപ്പെടുത്തിയ ഡിമാന്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല.<br><br>അഡ്വാൻസ് കലക്ഷനായി 2,09,400/- രൂപ വരവു വന്നിട്ടുണ്ട്. മുൻവർഷ അഡ്വാൻസ് 1,59,524/- രൂപയിൽ നിന്ന് തൻവർഷത്തേക്ക് അഡ്ജസ്റ്റ് ചെയ്തത് 1,39,750/- രൂപ കഴിച്ച് 19,774/- രൂപ ബാക്കിയുള്ളതും തൻവർഷത്തെ അഡ്വാൻസ് കലക്ഷനും ബാലൻസ് ഷീറ്റിൽ വരേണ്ടതായിരുന്നുവെങ്കിലും ബി 9 ഷെഡ്യൂളിൽ 89,424/- രൂപ മാത്രമാണ് അഡ്വാൻസ് ആയി വന്നിട്ടുള്ളത്. അപാകം പരിഹരിക്കേണ്ടതാണ് |
| 3 | 2017-18 സാമ്പത്തിക വർഷത്തെ ബി 11, ബി 11(a) ഇവ പ്രകാരമുള്ള തുകയോട് തൻവർഷത്തെ ആസ്തി മൂല്യവും എൻ.ആർ.ഇ.ജി.എസ്. പ്രകാരം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ മൂല്യവും ചേർക്കുമ്പോൾ ഓഡിറ്റ് വർഷത്തെ ബി11 പ്രകാരമുള്ള ആസ്തി മൂല്യം ലഭിക്കുന്നില്ല. |
| 4 | പഞ്ചായത്ത് ഫണ്ട് നെഗറ്റീവ് ആണ് |

| | |
|---|---|
| 5 | ടി എസ് സി ഫണ്ട് 2017-18 നീക്കിയിരിപ്പ് തുക തന്നെയാണ് 2018-19 ലും നീക്കിയിരിപ്പായി വന്നത്. ഓഡിറ്റ് വർഷം വരവില്ല. എന്നാൽ 2018-19 ൽ കേന്ദ്ര ഫണ്ടിൽ നിന്നും പ്രോജക്റ്റ് നമ്പർ 140/19ൽ 14,33,051/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. ആയത് ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ബാലൻസ് ഷീറ്റിൽ കുറവ് വന്നിട്ടില്ല |
| 6 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം - റവന്യൂ - നീക്കിയിരിപ്പായി ബി 4 ഷെഡ്യൂളിൽ 76,399/- രൂപയാണ് ചേർത്തിട്ടുള്ളത്. എന്നാൽ എ സി ആർ പ്രകാരമുള്ള നീക്കിയിരിപ്പ് 10,966/- രൂപയാണ്. |
| 7 | 62,055/- രൂപ തെറ്റായി വരവിലും ചെലവിലും ഉൾപ്പെടുത്തിയതിനാൽ (ആർ പി 36) വരവിലും ചെലവിലും 62,055/- രൂപ കൂടുതലായി വന്നിട്ടുണ്ട്. |
| 8 | വാർഷിക സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തി രജിസ്റ്ററുകളിൽ സെക്രട്ടറി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. മുൻവർഷത്തെ സ്റ്റോക്ക് ബാലൻസിന്റെയും വിനിയോഗത്തിന്റെയും അടിസ്ഥാനത്തിലല്ല തൻവർഷ ഡിമാന്റ് കണക്കാക്കി വാങ്ങലുകൾ നടത്തിയിട്ടുള്ളത്. |

# 1-12 റസീറ്റ് ബുക്ക് കൈകാര്യം ചെയ്യുന്നതിലെ അപാകങ്ങൾ

(എ) 2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടം അധ്യായം 2-ൽ 4(3) അക്കൗണ്ട് പുസ്തകങ്ങൾ കൈ എഴുത്തായി സൂക്ഷിക്കുന്ന അവസരങ്ങളിൽ രസീതുകൾ ഓരോ പേജും ക്രമമായി നമ്പറിട്ട് സൂക്ഷിക്കേണ്ടതും പഞ്ചായത്തിന്റെ സീൽ പതിപ്പിക്കേണ്ടതും പഞ്ചായത്തിന്റെ സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഓരോ രസീതിന്റെയും താളുകൾ എണ്ണി തിട്ടപ്പെടുത്തി അവസാനത്തെ പേജിൽ സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ പെരിങ്ങോം വയക്കര ഗ്രാമ പഞ്ചായത്ത് ഏതാനും രസീത് ബുക്കുകൾ ഉപയോഗിച്ചത് സാക്ഷ്യപത്രം രേഖപ്പെടുത്താതെയാണ്.

| | |
|---|---|
| രശീതി ബുക്ക് നമ്പർ | 1274, 1252, 1301 |

(ബി) വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്തി ബന്ധപ്പെട്ട അധികാരികൾ സാക്ഷ്യപ്പെടുത്താതെ റദ്ദാക്കിയ രശീതികൾ.

| രശീതി ബുക്ക് നമ്പർ | രശീതി നമ്പർ |
|---|---|
| 1268 | 76, 77 |
| 1264 | 23 |
| 1274 | 27 |

| | |
|---|---|
| 1254 | 38, 39 |
| 1283 | 49 |
| 1290 | 55 |
| 1293 | 78 |

(സി) ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കാത്തവ.

| രശീതി ബുക്ക് നമ്പർ | രശീതി നമ്പർ | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1273 | 11,16 | സെക്രട്ടറി |
| 1266 | 23 | സെക്രട്ടറി |
| 1286 | 56 മുതൽ 63 വരെ | വെറ്റിനറി സർജ്ജൻ |

(ഡി)രസീത് ബുക്ക് നമ്പർ 1275-ൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് നടത്തി നൽകിയതിന് ശേഷം രസീത് നമ്പർ 82ന്റെ അസ്സൽ Missing എന്ന് സാക്ഷ്യപ്പെടുത്തി റസീറ്റ് ക്യാൻസൽ ചെയ്തിട്ടുണ്ട്. ചില റസീറ്റ് ബുക്കുകളിൽ അവശേഷിക്കുന്ന രശീതികൾ ക്യാൻസൽ ചെയ്യുകയോ ക്യാൻസൽ ചെയ്തവ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-13 വസ്തു നികുതി - അപാകങ്ങൾ

(a) കെട്ടിടങ്ങളുടെ ഉപയോഗക്രമം രേഖപ്പെടുത്തിയതിലെ അപാകങ്ങൾ- ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം

പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന്റെ എഫ്.ടി.ഇ&ഒ.എസ് ലൈസൻസ് രജിസ്റ്ററും സഞ്ചയ സോഫ്റ്റ് വെയറിലെ ഡാറ്റാ വിവരവും ഒത്തു നോക്കിയതിൽ ചില കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിൽ മാറ്റം വരുത്തി ഉപയോഗിക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| എഫ്.ടി.ഇ &ഒ.എസ് രജിസ്റ്റർ പ്രകാരം ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | സ്ഥാപനം/ ഉടമസ്ഥന്റെ പേര് | കെട്ടിട വിസ്തീർണ്ണം ച.മീറ്റർ | കെട്ടിടത്തിന്റെ ഉപയോഗ ക്രമം എഫ്.ടി.ഇ &ഒ.എസ് ലൈസൻസ് | കെട്ടിട ത്തിന്റെ ഉപയോഗ ക്രമം സഞ്ചയ സോഫ്റ്റ് | ഈടാക്കിയ വസ്തു നികുതി നിരക്ക് (ച. മീറ്ററിന് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | രജിസ്റ്റർ പ്രകാരം | വെയറിലെ ഡാറ്റാ പ്രകാരം | ₹) |
| 10 | 15/67 | പിലാക്ക രാഘവൻ | 15 | സ്റ്റേഷനറി | പാർപ്പി ടാവശ്യം | 4 |
| 17 | 7/319 എ | ജീവ് ജെയിംസ് | 195 | സോഡസോഫ്റ്റ് ഡ്രിങ്ക് നിർമ്മാണം, വിൽപന | പാർപ്പി ടാവശ്യം | 4 |
| 40 | 6/4 | ടി.പി.സന്തോഷ് | 70.31 | ഫർണിച്ചർ നിർമ്മാണം | വ്യവസായ ത്തിനാവശ്യ മുള്ള കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 15 |

മുകളിൽ കൊടുത്ത കെട്ടിടങ്ങൾ ഉപയോഗ ക്രമം മാറ്റി ഉപയോഗിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/18-19.തീയ്യതി-24.1.2020) പ്രസ്തുത കെട്ടിടങ്ങളുടെ കൈവശ ഗണം മാറ്റി വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം ലൈസൻസ് അനുവദിച്ച മുഴുവൻ അപേക്ഷകളും പരിശോധിച്ച് ഇപ്രകാരം കെട്ടിടങ്ങൾ ഉപയോഗക്രമം മാറ്റി ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പു വരുത്താൻ നടപടി സ്വീകരിക്കേണ്ടതും കുറവു വന്ന തുക ഈടാക്കേണ്ടതുമാണ്.

(b) പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോൾ ഒറ്റത്തവണ നികുതി ഒടുക്കിയത് ഉറപ്പു വരുത്താത്തതും മറ്റ് അപാകങ്ങളും

സ.ഉ(എം.എസ്)നം.231/15/ത.സ്വ.ഭ.വ തീയ്യതി.09.07.2015-ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോഴും അങ്ങനെ കൂട്ടിച്ചേർക്കുന്ന ഭാഗത്തിന് അധിക വസ്തു നികുതി ഈടാക്കുമ്പോഴും 1975-ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ച രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരിക രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറ വിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പെരിങ്ങോം വയക്കര ഗ്രാമ

പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷം പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചതുമായി ബന്ധപ്പെട്ട മുഴുവൻ അപേക്ഷകളിലും ഇപ്രകാരമുള്ള രേഖകൾ സമർപ്പിച്ചിട്ടില്ല എന്ന് വ്യക്തമായി. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷകന്റെ പേര് | കെട്ടിട വിസ്തീർണ്ണം ച.മീ. | വാർഡ് നമ്പർ/ കെട്ടിട നമ്പർ | വില്ലേജ് |
|---|---|---|---|
| കുലേരിക്കാരൻ ഭാസ്കരൻ, എഴുത്തൻ വളപ്പിൽ ജൈജേഷ് | 193.62 | 3/278.എ | വയക്കര |
| പിടച്ചി കുഞ്ഞികൃഷ്ണൻ | 179.84 | 11/229.എ | പെരിന്തട്ട |
| വേണുഗോപാലൻ നീലാഞ്ചേരി | 152 .63 | 16/31 | വയക്കര |
| ജുബിൻ ജോസ് | 155 .24 | 3/715 | പെരിങ്ങോം |
| മുത്തത്ത്യൻ രവീന്ദ്രൻ | 205.23 | 14/681എ | പെരിങ്ങോം |
| ഇടത്തിലെ വളപ്പിൽ രതീശൻ | 154.11 | 13/461എ | പെരിങ്ങോം |

ഇതുമായി ബന്ധപ്പെട്ട നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശ പ്രകാരമുള്ള അനുബന്ധ രേഖകൾ അപേക്ഷകളോടൊപ്പം സമർപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തിയ ശേഷം കെട്ടിട നമ്പർ നല്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(c) അപാകം പരിഹരിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാത്തത്

ശ്രീ.മോഹനൻ.എ.പി.വി. ക്ക് പെരിങ്ങോം വില്ലേജിൽ റീ സർവ്വേ നമ്പർ 252/6 ൽ എ2. 64(6332/14-15) തീയതി 27.10.2014 പ്രകാരം ഗ്രൗണ്ട് ഫ്ലോറിൽ 97.66 ച.മീറ്റർ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനുള്ള പെർമിറ്റ് നൽകിയിട്ടുണ്ട്. എന്നാൽ എ2-4475/തീയതി 11.08.2017 നമ്പർ അപേക്ഷ പ്രകാരം പെർമിറ്റ് അനുവദിച്ച 97.66 ച.മീറ്ററിന് പുറമേ അധിക നിർമ്മാണം നടത്തിയ 135.39ച.മീറ്ററിന് ക്രമവൽക്കരണ ഫീസ് ഈടാക്കി വാർഡ് നമ്പർ 5 ൽ 221/Bമുതൽ E വരെ കെട്ടിട നമ്പർ അനുവദിച്ചപ്പോൾ പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബഹു.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂരിന് അയച്ച 11.04.2018 ലെ എ2-1838/18 നമ്പർ കത്തിൽ പ്രതിപാദിച്ച കാര്യങ്ങൾ ഉറപ്പു വരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കിയിട്ടില്ല.

# 1-14 എഫ്.ടി.ഇ&ഒ.എസ് ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകങ്ങൾ- 5,242/-രൂപയുടെ വരവു നഷ്ടം

(1) ചുവടെ കൊടുത്തിരിക്കുന്ന എഫ്.ടി.ഇ&ഒ.എസ് ലൈസൻസ് എടുത്ത സ്ഥാപനത്തിൽ നിന്നും ഭരണ സമിതിയുടെ 12.4.2018-ലെ 1/56/2018 നമ്പർ തീരുമാന പ്രകാരമുള്ള ഫീസ് ഈടാക്കിയിട്ടില്ല

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | ഉടമസ്ഥന്റെ പേര്/ സ്ഥാപനം | വാർഡ് നം/ കെട്ടിട നം | ഉപയോഗ ക്രമം | സർവീസ് സെക്ടറിൽ 5,00,000/- രൂപ മൂലധന നിക്ഷേപ പ്രകാരം ഈടാക്കേണ്ടിയിരുന്ന ഫീസ് ₹ | ഈടാക്കിയ ഫീസ് ₹ |
|---|---|---|---|---|---|
| 199 | സനിജസുരേഷ് | 7/612 | ഓട്ടോ സ്പെയർ പാർട്സ് സ്റ്റോക്ക് ചെയ്ത് വിൽപന | 500 | 200 |

പിഴ ഉൾപ്പെടെ 625/- രൂപ ഈടാക്കുന്നതിന് പകരം 12.04.2018-ലെ രസീത് നമ്പർ 118040100128 പ്രകാരം പിഴ ഉൾപ്പെടെ 250/- രൂപ മാത്രം ഈടാക്കിയതിന്റെ കാരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/18-19 തീയതി 25.01.2020) നൽകിയ മറുപടി തൃപ്തികരമല്ല. ലൈസൻസ് ഫീസിനത്തിൽ കുറവ് വന്ന 375/- രൂപ തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(2) 31.10.2017-ലെ സ.ഉ(പി)നം.80/2017/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിനുള്ളിൽ ലൈസൻസ് പുതുക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ലൈസൻസ് പുതുക്കാൻ കാലതാമസം വരുത്തിയ ചുവടെ കൊടുത്തിരിക്കുന്ന എഫ്.ടി.ഇ&ഒ.എസ് ലൈസൻസ് എടുത്ത സ്ഥാപനത്തിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല.

| ലൈസൻസ് | ഉടമസ്ഥന്റെ | വാർഡ് | ഉപയോഗ | 12.4.2018ന്- | ഈടാക്കിയത് |
|---|---|---|---|---|---|

| രജിസ്റ്ററിലെ ക്രമ നം. | പേര്/ സ്ഥാപനം | നം/ കെട്ടിട നം. | ക്രമം | ഈടാക്കേണ്ടിയിരുന്ന ഫീസ്+പിഴ ₹ | ₹ |
|---|---|---|---|---|---|
| 200 | ആന്റണി.എസ്. | 8/114 | ജാസ് ഗ്രാനേറ്റ്സ് (മൂലധന നിക്ഷേപം 10 കോടി യിൽ കൂടുതൽ) | 15000.+B.F- 3750<br>M.R.F-4465<br>B.F - 1117 | 15000+<br>M.R.F- 4465 |
| | | | ആകെ | ₹24332 | ₹19465 |

പ്രസ്തുത സ്ഥാപനത്തിൽ നിന്നും എഫ്.ടി.ഇ&ഒ.എസ് ലൈസൻസ് ഈടാക്കുമ്പോൾ 4,867/- രൂപ (24332-19465) കുറവ് വന്നതിനുള്ള കാരണം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടു കൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/18-19 തീയ്യതി 25.01.2020) കുറവ് വന്ന തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
ലൈസൻസ് ഫീസ് ഇനത്തിൽ കുറവ് വന്ന 5,242/- (4867+375) ഈടാക്കേണ്ടതാണ്.

# 1-15 കരാർ ഒപ്പിടാൻ കാലതാമസം- നിയമാനുസൃതമുള്ള പിഴ ഈടാക്കിയിട്ടില്ല

01.02.2012 ലെ ജി.ഒ.(പി)നമ്പർ 13/2012/PWD പ്രകാരമുള്ള കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥ 2009-6 പ്രകാരം സെലക്ഷൻ നോട്ടീസ് ലഭിച്ച് 14 ദിവസത്തിനകം കരാർ വയ്ക്കണമെന്നും തുടർന്നുള്ള 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ ഈടാക്കണമെന്നുമുള്ള വ്യവസ്ഥ പ്രകാരം കരാർ ഒപ്പിടുന്നതിൽ കാലതാമസം വരുത്തിയ താഴെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരിൽ നിന്നും ഈടാക്കിയ പിഴ കുറഞ്ഞു പോയതായി കാണുന്നു. കരാർ ഒപ്പിടുന്നതിൽ കാലതാമസം വരുത്തുന്ന കരാറുകാരിൽ നിന്നും കരാർ തുകയുടെ 1% പിഴ ഈടാക്കണമെന്നാണ വ്യവസ്ഥയെങ്കിലും, കരാർ തുകയ്ക്ക് പകരം ആകെ പ്രവൃത്തി മൂല്യത്തിന്റെ 1% പിഴയാണ് ഈടാക്കിയിരിക്കുന്നത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് | കരാറുകാരന്റെ പേര്/കരാർ തുക | നോട്ടീസ് തിയതി | എഗ്രിമെൻറ് തിയതി | ഈടാക്കേണ്ടിയിരുന്ന പിഴ | ഈടാക്കിയ പിഴ | കുറവ് |
|---|---|---|---|---|---|---|
| 123/19 പെരിന്തട്ട സൗത്ത് അംഗൻവാടിക്ക് ചുറ്റുമതിൽ, ഗേറ്റ് | പി ഗണേശൻ<br>1,57,588/- | 30.01.2018 | 26.02.2018 | 1,576 | 1,277 | 299 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 130/19 പുറക്കുന്ന് ഐ സി ഡി പി സബ്സെൻറർ-ഗ്രിൽസ്, അനുബന്ധ സൗകര്യങ്ങൾ | പി.ഗണേശൻ 1,38,998 | 30.01.2018 | 26.02.2018 | 1,390 | 1,198 | 192 |
| 134/19 പെരിന്തട്ട ജി യു പി എസ് ചുറ്റുമതിൽ നിർമ്മാണം | പി ഗണേശൻ 1,44,693 | 30.01.2018 | 26.02.2018 | 1,447 | 1153 | 294 |
| 140/19 അജൈവ മാലിന്യ സംസ്കരണ കേന്ദ്രം-കെട്ടിട നിർമ്മാണം | എം.സുകുമാരൻ 15,50,304 | 07.12.2018 | 22.12.2018 | 15,503 | 14475 | 1028 |
| | | | | | | ₹1813 |

കുറവു വന്ന തുക എഗ്രിമെന്റ് തീയതിയിലെ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ കരാറുകാരിൽ നിന്നോ ഈടാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ വരവു വെക്കേണ്ടതാണ്.

## 1-16 സ്റ്റോക്ക് രജിസ്റ്റർ -കണക്കുകൾ കൃത്യമല്ല

ഗ്രാമപഞ്ചായത്തിൽ വാർഷിക സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിലല്ല തുടർന്നുള്ള വർഷങ്ങളിലെ വാങ്ങലുകൾ നടത്തുന്നത്. ആവശ്യകതാ നിർണ്ണയം നടത്തുന്നതുമായി ബന്ധപ്പെട്ട രേഖകളും സൂക്ഷിക്കുന്നില്ല.

ടെണ്ടർ ഫോറം

സ്റ്റോക്കിലെടുക്കുന്ന സാധനങ്ങളുടെ വിതരണ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല. ടെണ്ടർ ഫോം പോലെ മോണിറ്ററി വാല്യൂ ഉള്ള സാധനങ്ങളും അലക്ഷ്യമായാണ് കൈകാര്യം ചെയ്യുന്നത്. 2017-18 ൽ 500 ഉം 2018-19 ൽ 200ഉം എണ്ണം ടെണ്ടർ ഫോമുകൾ വാങ്ങിയിട്ടുണ്ട്. മുൻവർഷങ്ങളിൽ വാങ്ങിയതുൾപ്പെടെ വർഷാരംഭത്തിൽ എത്രയെണ്ണം നീക്കിയിരിപ്പുണ്ടായിരുന്നുവെന്നോ നിലവിൽ എത്രയെണ്ണം ബാക്കിയുണ്ടെന്നോ വ്യക്തമല്ല. 2019-20 നീക്കിയിരിപ്പ് പരിഗണിക്കാതെ 200 ടെണ്ടർ ഷെഡ്യൂളുകൾ വീണ്ടും വാങ്ങിയിട്ടുണ്ട്.

എ 4 ഷീറ്റ്

പ്രിന്ററുകളിലും ഫോട്ടോകോപ്പിയർ മെഷീനിലും ഉപയോഗിക്കപ്പെടുന്ന പേപ്പറുകളുടെ എണ്ണം ലോഗ് ബുക്ക് വഴി നിരീക്ഷിക്കപ്പെടേണ്ടതാണ്. ഓരോ തവണയും ഡ്രം മാറ്റുകയോ റീഫിൽ ചെയ്യുകയോ ചെയ്യുമ്പോഴും കമ്പനി ഓഫർ ചെയ്യുന്നത്രയും കോപ്പികൾ ലഭ്യമാകുന്നുണ്ടെന്ന പരിശോധനയും നടത്തേണ്ടതുണ്ട്.

വാങ്ങുന്ന ഓരോ ഇനത്തിനും പ്രത്യേക പേജുകൾ നല്കി ഏത് തീയതിയിൽ നോക്കിയാലും

ഭൗതിക പരിശോധനയിലും രജിസ്റ്ററിലും ഒരേ എണ്ണം കാണപ്പെടുന്ന രീതിയിൽ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഇക്കാര്യം എക്സിറ്റ് മീറ്റിംഗിൽ അവതരിപ്പിച്ചപ്പോൾ മുന്നിരിപ്പ് സംബന്ധിച്ച ധാരണയില്ലാത്തതിനാലാണ് സ്റ്റോക്ക് ശരിയാക്കാൻ കഴിയാത്തതെന്ന് സെക്രട്ടറി അറിയിക്കുകയുണ്ടായി. നിലവിലുള്ള നീക്കിയിരിപ്പ് സംബന്ധിച്ച ഭൗതിക പരിശോധനയുടെ അടിസ്ഥാനത്തിൽ, താല്ക്കാലികമായി മുന്നിരിപ്പ് അംഗീകരിച്ച കൊണ്ട് ,തുടർന്നുള്ള വർഷങ്ങളിലെ സ്റ്റോക്ക് വിവരങ്ങൾ കൃത്യമാക്കി കൊണ്ടു പോകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

# 1-17 ഇ ടെണ്ടർ-ടെണ്ടർ ഫീസ് തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് നടത്തുന്ന ഇ ടെണ്ടറുകളുടെ ഭാഗമായുള്ള ടെണ്ടർഫീസ് നിലവിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ എസ്ബിഐ കണ്ണൂർ ശാഖയിലുള്ള അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യപ്പെടുന്നത്. ഈയിനത്തിൽ ഗ്രാമപഞ്ചായത്ത് തനതു ഫണ്ടിൽ വരവു വരേണ്ട തുക കണ്ടെത്തി അനുബന്ധ രേഖകൾ സഹിതം കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അപേക്ഷ സമർപ്പിക്കേണ്ടതും തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-18 ശമ്പള പരിഷ്ക്കരണം 2014-കുടിശിക അനുവദിച്ചതിലെ അപാകങ്ങൾ

2014ലെ ശമ്പള പരിഷ്കരണ കുടിശിക അനുവദിച്ചതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) സിന്ധു.കെ.ടി, സീനിയർ ക്ലാർക്ക്

കുടിശിക സ്റ്റേറ്റ്മെന്റിൽ, പ്രീറിവൈസ്ഡ് സ്കെയിലിൽ 2015 മാർച്ചിൽ ഇൻക്രിമെന്റ് ഉൾപ്പെടുത്തുകയും റിവൈസ്ഡ് സ്കെയിലിൽ 2015 മാർച്ചിൽ (27.03.15) ഇൻക്രിമെന്റ് ഉൾപ്പെടുത്താതിരിക്കുകയും ചെയ്തതിന്റെ കാരണം അറിയിക്കേണ്ടതാണ്.
ഓഗസ്റ്റ് മാസത്തെ ശമ്പള കുടിശിക കണക്കാക്കിയതിൽ അവ്യക്തതയുണ്ട്. ടിയാൾ 2015 ആഗസ്റ്റ് 31 നാണ് ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ചത്. അതിനു മുമ്പ് ജോലി ചെയ്തിരുന്ന കാര്യാലയത്തിൽ നിന്നുമുള്ള ശമ്പള വിതരണ പത്രിക പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

2) സൗമ്യ.എ.വി, ക്ലാർക്ക്

22.01.2015 ന് മേൽ ജീവനക്കാരി ജോലിക്കു ഹാജരായിരുന്നില്ല. 2015 ജനുവരിയിൽ ₹20,000 (റിവൈസ്ഡ് സ്കെയിലിൽ) ആയിരുന്നു അടിസ്ഥാന ശമ്പളം.ഒരു ദിവസത്തെ ശമ്പളം കുറവു ചെയ്ത് 19,887/- രൂപയാണ് അടിസ്ഥാന ശമ്പളമായി അനുവദിച്ചത്. ആയതിന്റെ കൃത്യത പരിശോധിക്കേണ്ടതാണ്. ഒരു ദിവസത്തെ ശമ്പളം ഒഴിവാക്കിയാൽ 19,354/-രൂപയാണ് അടിസ്ഥാന ശമ്പളം വരുന്നത്.
ജനുവരി 2016 ലെ ഡ്യൂ ആയ ശമ്പളത്തിൽ (₹21100) ഇൻക്രിമെന്റ് ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഡ്രോൺ സാലറിയിൽ (₹10210) ഇൻക്രിമെന്റ് കാണിച്ചിട്ടില്ല. കാരണം വ്യക്തമാക്കപ്പെട്ടിട്ടില്ല.

3) റീന.പി, ക്ലാർക്ക്

01/2015ലെ ഡ്രോൺ സാലറിയുടെയും 05/2015 ലെ കുടിശിക കണക്കാക്കിയതിന്റെയും കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. പ്രീ റിവൈസ്ഡ് സ്കെയിലിൽ 08/2014ന് ഇൻക്രിമെന്റ് അനുവദിച്ചതായി കുടിശിക പത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ റിവൈസ്ഡ് സ്കെയിലിൽ 08/2014 മാസത്തിൽ ഇൻക്രിമെന്റ് ഉൾപ്പെടുത്തിയിട്ടില്ല. ആയതിന്റെ കാരണം അറിയിക്കേണ്ടതാണ്. ശമ്പള നിർണ്ണയ പത്രികയിൽ രേഖപ്പെടുത്തിയ വിവരങ്ങളിൽ നിന്നും വ്യത്യസ്തമായാണ് കുടിശ്ശിക പത്രികയിൽ ശമ്പള വിവരങ്ങൾ രേഖപ്പെടുത്തിയത്. അടിസ്ഥാന രേഖകൾ പരിശോധിച്ച് അർഹമായ കുടിശിക കണക്കാക്കി നൽകേണ്ടതാണ്.
4) ഗീത.കെ.വി.
ജനുവരി 2016 ലെ ഡ്യൂ ആയ ശമ്പളത്തിൽ (₹21100) ഇൻക്രിമെന്റ് ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഡ്രോൺ സാലറിയിൽ (₹10210) ഇൻക്രിമെന്റ് കാണിച്ചിട്ടില്ല. കാരണം വ്യക്തമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/29.01.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-19 തെരുവ് വിളക്ക് പരിപാലനം

തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 15.09.2011ലെ 3055/ഡിഎ3/ 2011നമ്പർ സർക്കുലറിലെ വ്യവസ്ഥകൾ പാലിച്ച് കൊണ്ടാണോ തെരുവ് വിളക്ക് പരിപാലനം നടക്കുന്നത് എന്ന കാര്യം വ്യക്തമല്ല. മേൽ ഉത്തരവിൽ പരാമർശിച്ച രീതിയിയിലുള്ള പൊതു ജനങ്ങൾക്ക് പരാതി രേഖപ്പെടുത്താനുള്ള രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. ഉപയോഗ ശൂന്യമായ വസ്തുക്കൾ കരാറുകാരൻ പഞ്ചായത്തിൽ തിരിച്ചേല്പിക്കാറുണ്ടോ എന്നതു സംബന്ധിച്ചും മറുപടി ലഭ്യമാക്കിയിട്ടില്ല.

തെരുവു വിളക്കുകളുടെ എണ്ണവും തരവും കണ്ടെത്തുന്നതിന് കെഎസ്ഇബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്താത്തതും അപാകമാണ്.
ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിനു (നം.31/ 31.01.2020) മറുപടി

ലഭ്യമാക്കിയിട്ടില്ല. തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടെന്ന കാര്യം ഉറപ്പു വരുത്തേണ്ടതാണ്.

# 1-20 ഒ ഡി എഫ് പദ്ധതി- റീഇമ്പേഴ്സ് മെന്റ് തുക നാളിതു വരെ വിനിയോഗിച്ചിട്ടില്ല

ടി.എസ്.സി ഫണ്ടിനത്തിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന 46.5 ലക്ഷം രൂപയിൽ 37 ലക്ഷം രൂപ ഒഡിഎഫ് റീഇമ്പേഴ്സ്മെന്റ് ആയി 2016-17 സാമ്പത്തിക വർഷം ലഭിച്ചതാണ്. പ്രസ്തുത തുക വികസന ഫണ്ടിൽ നിന്നും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ച തുകയുടെ റീഇമ്പേഴ്സ്മെന്റ് എന്ന നിലയിൽ 2016-17 ൽ പുതിയ പദ്ധതികൾക്കായി വിനിയോഗിക്കേണ്ടതായിരുന്നു. ആയത് ചെയ്തിട്ടില്ല എന്നത് അപാകമാണ്. 2017-18, 2018-19 വർഷങ്ങളിൽ നടപ്പാക്കിയ കക്കൂസ് നിർമ്മാണത്തിന് ധനസഹായം എന്ന പദ്ധതിക്കും വികസന ഫണ്ടും ധനകാര്യ കമ്മീഷൻ അവാർഡുമാണ് വകയിരുത്തിയിട്ടുള്ളത്.

2016-17 സാമ്പത്തിക വർഷത്തെ ഭേദഗതി നിർദ്ദേശങ്ങളിലുൾപ്പെട്ട പദ്ധതികളിൽ ഒഡിഎഫ് റീഇമ്പേഴ്സ്മെന്റ് തുക ഉപയോഗപ്പെടുത്തി പുതിയ പദ്ധതികൾ തയ്യാറാക്കാനും അനുമതിയുണ്ടായിരുന്നു. (സ.ഉ.(സാധാ)നം.58/17/തസ്വഭവ തീയതി 07.01.2017) പ്രസ്തുത കാലയളവിൽ പദ്ധതി നടപ്പാക്കാതിരുന്ന സാഹചര്യത്തിൽ സർക്കാർ അനുമതിയോടെ ഫണ്ട് ഏത് രീതിയിൽ വിനിയോഗിക്കാൻ കഴിയും എന്ന് പരിശോധിക്കേണ്ടതാണ്.

# 1-21 ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നതിന്റെ വിവരങ്ങൾ യഥാസമയം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല

ഐ സി ഡി എസ് സൂപ്പർവൈസർ ഗ്രാമ പഞ്ചായത്തിലെ വിവിധ അംഗൻവാടികളിൽ വിതരണം ചെയ്യുന്നതിനായി അരി, വെല്ലം, വെളിച്ചെണ്ണ, ചെറുപയർ തുടങ്ങിയ പലവ്യഞ്ജനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും, കൈരളി ന്യൂട്രിമിക്സ് യൂണിറ്റ്, ഞെക്ലിയിൽ നിന്നും വാങ്ങി വിതരണം ചെയ്യുന്നുണ്ടെങ്കിലും, പല തീയതികളിലായി ലഭിച്ച സാധനങ്ങളുടെ ആകെ അളവും വിതരണം ചെയ്ത മാസവും മാത്രമാണ് രേഖപ്പെടുത്തുന്നത്. സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങൾ ലഭിച്ച തീയതി, സ്ഥാപനം നല്കുന്ന ബിൽ നമ്പർ, തിയതി, ആകെ ബിൽ തുക, ഓരോ തവണയും ലഭിച്ച സാധനത്തിന്റെ അളവ്, വിതരണം ചെയ്ത തീയതി എന്നിവയൊന്നും രേഖപ്പെടുത്താത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.24/30.01.2020)മറുപടിയിൽ, ഇനി നടപടി സ്വീകരിക്കും എന്നാണ് അറിയിച്ചിരിക്കുന്നത്.

സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങൾ ലഭിച്ച തീയതി, സ്ഥാപനം നല്കുന്ന ബിൽ നമ്പർ, തീയതി, ആകെ ബിൽ തുക, ഓരോ തവണയും ലഭിച്ച സാധനത്തിന്റെ അളവ്, വിതരണം ചെയ്ത തീയതി എന്നിവ യഥാസമയം രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 രേഖകൾ ഹാജരാക്കിയില്ല, 12,44,700/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ഐസിഡിഎസ് സൂപ്പർവൈസർ 2018-19 ൽ നടപ്പിലാക്കിയ പ്രോജക്ട് നമ്പർ 58/19 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്/ബത്ത നൽകൽ എന്ന പദ്ധതി പ്രകാരം 12,44,700/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ബിൽ നമ്പർ 8/18-19/31-10-2018 ₹1,22,590

2. ചെക്ക് നമ്പർ 2904155 /12.12.2018 ₹3,09,910

3. ചെക്ക് നമ്പർ 2904160 /23.01.2019 ₹90,000

4. ചെക്ക് നമ്പർ 1340571/23.01.2019 ₹1,40,000

5. ചെക്ക് നമ്പർ 1340280/23.01.2019 ₹1,50,000

6. ബിൽ നമ്പർ 23/18-19/26.03.2019 ₹16104

7. ചെക്ക് നമ്പർ 1340576/22.03.2019 ₹90

8. ചെക്ക് നമ്പർ 1347065/22.01.2019 ₹36006

9. ചെക്ക് നമ്പർ 1347066/22.03.2019 ₹3,80,000

പഞ്ചായത്ത് ഭരണസമിതിയുടെ 10.08.2018 ലെ 14/154/2018(1) നമ്പർ തീരുമാന പ്രകാരം 64 പേരടങ്ങുന്ന ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ടെങ്കിലും, ഈ പദ്ധതി പ്രകാരം ആകെ എത്ര പേർക്ക് ആനുകൂല്യം നൽകി, സ്കോളർഷിപ്പ് നൽകിയത് ആർക്കെല്ലാം, ബത്ത നൽകിയത് ആർക്കെല്ലാം, ഓരോരുത്തർക്കും നൽകിയ ആകെ തുകയെത്ര, ബന്ധപ്പെട്ടവർ തുക കൈപ്പറ്റിയതിന്റെ വിവരം, തുടങ്ങിയ വിവരങ്ങൾ ഒന്നും തന്നെ ഫയലിൽ സൂക്ഷിക്കുകയോ, ഹാജരാക്കുകയോ ചെയ്യാത്തതിനാൽ, മേൽപറഞ്ഞിരിക്കുന്ന വിവരങ്ങൾ, ഗുണഭോക്താക്കളുടെ അപേക്ഷകൾ സഹിതം ഹാജരാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.23/30.01.2020) നൽകിയെങ്കിലും, രേഖകൾ ഹാജരാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ 12,44,700/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

രേഖകൾ ഹാജരാക്കി തടസം നീക്കേണ്ടതാണ്.

## 1-23 പട്ടിക ജാതി /പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് കമ്പ്യൂട്ടർ നൽകൽ -3,88,900/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

ബിൽ നം. 2/2018-19 തീയതി 26.12.18 ₹89,000
ബിൽ നം. 3/2018-19 തീയതി 26.12.18 ₹2,99,900

2018-19 ൽ ഹെഡ് മാസ്റ്റർ, നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നമ്പർ 70/19 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് കമ്പ്യൂട്ടർ, പ്രോജക്റ്റ് നമ്പർ 71/19 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് കമ്പ്യൂട്ടർ എന്നീ 2 പദ്ധതികൾ പ്രകാരം 3,88,900/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതികളുടെ നടത്തിപ്പിൽ താഴെ ചേർക്കുന്ന അപാകതകൾ വന്നിട്ടുണ്ട്.

1. ഈ രണ്ടു പദ്ധതികൾക്കുമായി 31.10.2018ൽ പ്രത്യേകം പ്രത്യേകമായി ക്ഷണിച്ച ടെണ്ടറിൽ 3 സ്ഥാപനങ്ങൾ പങ്കെടുത്തതായിട്ടാണ് കാണുന്നത്. ലിസ്റ്റ് താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ബ്രാന്റ് | വില | വാറൻറി |
|---|---|---|---|---|
| 1 | അഫിനിറ്റി ഐടി സിസ്റ്റംസ്, കണ്ണൂർ | Acer ESl523 | 25,650 | 3 വർഷം (ബാറ്ററി, ചാർജർ 1 വർഷം) |
| | അഫിനിറ്റി ഐടി സിസ്റ്റംസ്, കണ്ണൂർ | LENOVO V130 | 26,950 | 3 വർഷം |
| 2 | അപ്പോളോ ഐടി വേൾഡ്, കണ്ണൂർ | acer | 30,100 | ചേർത്തിട്ടില്ല |
| 3 | കമ്പ്യൂട്ടർ കെയർ,പയ്യന്നൂർ | acer | 29,990 | 3 വർഷം |

സ്ഥാപനങ്ങൾ ടെണ്ടർ ഫോമിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന വിലയും, വാറൻറിയുമുൾപ്പെടെയുള്ള വിവരങ്ങളാണ് മുകളിൽ ചേർത്തിരിക്കുന്നത്. ഒരു ലാപ്പ് ടോപ്പിന് 29,990/- രൂപ നിരക്ക് കാണിച്ച കമ്പ്യൂട്ടർ കെയർ, പയ്യന്നൂരിന് 27.11.2018 ൽ സപ്ലൈ ഓർഡർ നൽകുകയും, 29.11.2018 ൽ ഇൻവോയ്സ് നമ്പർ 05467 പ്രകാരം, 10 ലാപ്പ് ടോപ്പുകളും, ഇൻവോയ്സ് നമ്പർ 05467 പ്രകാരം, 3 ലാപ്പ് ടോപ്പുകളും (Acer ESl523) നിർവ്വഹണോദ്യോഗസ്ഥന് കൈമാറുകയും ചെയ്തിട്ടുണ്ട്. ഒരേ ബ്രാൻറ് ലാപ്പ് ടോപ്പിന് ലഭിച്ച കുറഞ്ഞ നിരക്ക് തള്ളി ഒരെണ്ണത്തിന് 4,340/- രൂപ അധിക വില കാണിച്ച സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകിയതിന്റെ കാരണം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. (കമ്പാരറ്റീവ് സ്റ്റേറ്റ്മെൻറും ഫയലിൽ സൂക്ഷിച്ചിട്ടില്ല) 4,340/- രൂപ അധിക വില കാണിച്ച സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകിയത് വഴി 56,420/- രൂപ അധിക ചെലവുണ്ടായിട്ടുണ്ട്.

2. ഈ രണ്ടു പദ്ധതികളിലുമായി താഴെ പറയും പ്രകാരം ആകെ 13 വിദ്യാർത്ഥികൾക്കാണ് ലാപ്പ് ടോപ്പുകൾ നൽകിയിരിക്കുന്നത് (10 പട്ടിക ജാതി വിദ്യാർത്ഥികൾ + 3 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ). ഈ വിദ്യാർത്ഥികൾക്ക് പട്ടിക ജാതി വികസന വകുപ്പിൽ നിന്ന്/പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്ന് ഈ ആനുകൂല്യം നൽകിയിട്ടില്ല എന്നുള്ള സാക്ഷ്യപത്രം വാങ്ങി സൂക്ഷിച്ചിട്ടില്ല.

| ക്രമനമ്പർ | പേര് | വിഭാഗം |
|---|---|---|
| 1 | ജിഷ്ണ കൃഷ്ണൻ | എസ് സി |
| | | |

| | | |
|---|---|---|
| 2 | രഹിന കെ | ,, |
| 3 | അഞ്ജന വി | ,, |
| 4 | അഭിജിത്ത് ഇ | ,, |
| 5 | ഹൃദ്യ എൻ വി | ,, |
| 6 | ആദർശ് വി | ,, |
| 7 | ദിജിന കെ | ,, |
| 8 | ഗ്രീഷ്മ പി | ,, |
| 9 | നിഥില വി | ,, |
| 10 | സബിഷ സി | ,, |
| 11 | അർച്ചന പി വി | എസ് ടി |
| 12 | പ്രതീഷ് വി എസ് | ,, |
| 13 | ഷിൽജ ജനാർദ്ദനൻ | ,, |

3. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14.02.2018 ലെ സ.ഉ(കൈ)നം.22/2018/തസ്വഭവ പ്രകാരമുള്ള 2018-19 വർഷത്തെ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.2.9 പ്രകാരം പാരലൽ കോളേജിൽ പഠിച്ചു കൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായ രേഖകൾ ഹാജരാക്കിയതിന് ശേഷം മാത്രമെ ആനുകൂല്യം നൽകാൻ പാടുള്ളൂവെന്ന് പറയുന്നുണ്ട്. എന്നാൽ പ്രോജക്ട് നമ്പർ 70/19 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് കമ്പ്യൂട്ടർ എന്ന പദ്ധതി പ്രകാരം ലാപ് ടോപ്പ് കൈപ്പറ്റിയ കുമാരി.രഹിന.കെ. എന്ന വിദ്യാർത്ഥി എം എ കോഴ്സിന് പാരലൽ കോളേജിൽ (കോ-ഓപ്പറേറ്റീവ് നാഷണൽ കോളേജ്, പെരുമ്പ, പയ്യന്നൂർ) പഠിച്ചു കൊണ്ടിരിക്കുന്നതായിട്ടാണ് കാണുന്നത്. യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായ രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ ഹാജരാക്കേണ്ടതാണ്.

ഇതു സംബന്ധിച്ചു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 34/31.01.2020ന്) മറുപടിയായി ജി.എസ്.ടി. ഉൾപ്പെടാത്ത നിരക്കാണ് അഫിനിറ്റി ഐ ടി സിസ്റ്റംസ് ക്വാട്ട് ചെയ്തതെന്ന് അറിയിച്ചതിനാലാണ് പ്രസ്തുത സ്ഥാപനത്തെ ഒഴിവാക്കിയതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. പർച്ചേസ് കമ്മിറ്റി വില വ്യത്യാസം, സ്പെസിഫിക്കേഷൻ തുടങ്ങിയവ ചർച്ച ചെയ്തതായും കാണുന്നില്ല.
വാങ്ങലുമായി ബന്ധപ്പെട്ട ഭരണ സമിതി തീരുമാനം നമ്പർ 214/തീയതി 01.11.2018ൽ വാറണ്ടി പിരിയഡിൽ വന്ന വ്യത്യാസമാണ് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കുന്നതിനുള്ള കാരണമായി രേഖപ്പെടുത്തിയത്.(അഫിനിറ്റി-3 വർഷം,കമ്പ്യൂട്ടർ കെയർ -പയ്യന്നൂർ-5 വർഷം) എന്നാൽ കമ്പ്യൂട്ടർ കെയർ, പയ്യന്നൂർ മൂന്നു വർഷത്തെ വാറണ്ടി മാത്രമാണ് നല്കിയിട്ടുള്ളത് എന്നതിനാൽ ഭരണസമിതി തീരുമാനം പാലിക്കപ്പെട്ടിട്ടില്ല എന്ന് വ്യക്തമാണ്.

വാങ്ങൽ നടപടിക്രമങ്ങൾ സുതാര്യമല്ലാത്തതിനാലും രേഖകൾ ഹാജരാക്കാത്തതിനാലും പദ്ധതിക്കായി ചെലവഴിച്ച 3,88,900/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

# 1-24 എസ്.എസ്.എ. പദ്ധതിക്ക് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

പ്രോജക്റ്റ് നമ്പർ 66/19, എസ് എസ് എ പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് വിഹിതം നല്കൽ

അടങ്കൽ 9,00,000/- (വികസന ഫണ്ട്)

ചെലവ് 9,00,000- 1/18-19 28.07.18

മേൽ സൂചിപ്പിച്ചു പ്രകാരം എസ് എസ് എ പ്രോജക്റ്റ് ഓഫീസർക്ക് കൈമാറിയ തുകയുടെ വിനിയോഗ വിവരങ്ങൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. എസ് എസ് എ യിൽ നിന്നും രേഖകൾ ലഭ്യമാക്കി പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

# 1-25 വീട് വാസയോഗ്യമാക്കൽ - പദ്ധതി തയ്യാറാക്കിയതിലേയും നിർവ്വഹണത്തിലേയും അപാകങ്ങൾ -1,00,000/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ. (പെരിങ്ങോം സർക്കിൾ)

പ്രോജക്റ്റ് നമ്പർ 42/19

അടങ്കൽ 16,00,000/- (വികസന ഫണ്ട് - ജനറൽ)

ചെലവ്

| ബിൽ നമ്പർ,തീയതി | തുക |
|---|---|
| 6/18-19, 29.11.18 | 8,00,000 |
| 11/18-19, 11.03.19 | 8,00,000 |

ജനറൽ വിഭാഗത്തിൽ പെട്ട 16 ഗുണഭോക്താക്കൾക്ക് വീട് വാസയോഗ്യമാക്കുന്നതിനുള്ള ധനസഹായം നല്കുന്നതിനു വേണ്ടി തയ്യാറാക്കിയ പദ്ധതിയാണിത്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) സ.ഉ.(കൈ)22/18/തസ്വഭവ തീയതി 14.02.18 ഉത്തരവ് ഖണ്ഡിക 6.7 ൽ മേൽക്കൂര മാറ്റലിനുള്ള ധനസഹായം, ജനറൽ വിഭാഗത്തിന് 75,000/- രൂപയും വീട് വാസയോഗ്യമാക്കുന്നതിനുള്ള ധനസഹായം ജനറൽ വിഭാഗത്തിന് 1,00,000/- രൂപയും ആയി നിജപ്പെടുത്തിയിട്ടുണ്ട്. മേൽ പ്രോജക്റ്റ് പ്രകാരം വീട് വാസയോഗ്യമാക്കുന്നതിനായി ആനുകൂല്യം കൈപ്പറ്റിയ ഭൂരിഭാഗം ഗുണഭോക്താക്കളും പ്രധാനമായും മേൽക്കൂര മാറ്റൽ പ്രവൃത്തിയാണ്

ചെയ്തിട്ടുള്ളത്. ഇതിൽ തന്നെ നാലു ഗുണഭോക്താക്കൾ മേൽക്കൂര നിർമ്മാണം മാത്രമാണ് ചെയ്തതെന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ നിന്ന് വ്യക്തമാകുന്നത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്,വാർഡ് നം. വീട്ട് നമ്പർ | എസ്റ്റിമേറ്റ് ₹ | വാല്യേഷൻ ₹ | റിമാർക്സ് |
|---|---|---|---|---|
| 1 | യശോദ എം,1-107 | 1,40,920/- റൂഫിംഗ്,കല്ല് കെട്ട്, പ്ലാസ്റ്ററിംഗ് | 1,09,227/- | വാല്യേഷനിൽ ഏതൊക്കെ ഇനങ്ങളാണ് ചെയ്തതെന്ന് വ്യക്തമാക്കിയിട്ടില്ല |
| 2 | രാജമ്മ.എം കെ. 2-142 | 1,02,639/- പ്ലാസ്റ്ററിംഗ്, ഫ്ലോറിംഗ്,ജനാല, വാതിൽ | 1,01,934/- | -ടി- |
| 3 | ചെറിയ.പി.വി. 4-414 | 1,53,277/- പ്ലാസ്റ്ററിംഗ്, റൂഫിംഗ് | 1,01,411/- | -ടി- |
| 4 | കാർത്ത്യായനി.പി. 5-337 | 1,46,735/- പ്ലാസ്റ്ററിംഗ്, റൂഫിംഗ് | 1,02,378/- | -ടി- |
| 5 | നാരായണി കൊട്ടാരത്തിൽ-6-121 | 1,47,520/-റൂഫിംഗ് മാത്രം | 1,13,757/- | -ടി- |
| 6 | കീരന്റകത്ത് പാത്തു 7-216 | 1,67,956/-റൂഫിംഗ്, പ്ലാസ്റ്ററിംഗ് | 1,05,760/- | -ടി- |
| 7 | ശ്യാമള സി-9-262 | 1,00,913/-റൂഫിംഗ്, പ്ലാസ്റ്ററിംഗ് | 1,04,830/- | -ടി- |
| 8 | രോഹിണി.പി.പി. 10-268 | 1,15,960/-റൂഫിംഗ്, പ്ലാസ്റ്ററിംഗ് മുതലായവ | 1,15,960/- | -ടി- |
| 9 | തലോത്തു ചിരുകണ്ടൻ 11-544 | 1,44,558/-റൂഫിംഗ് മാത്രം | 1,24,236/- | -ടി- |
| 10 | വിമല -12-530 | 1,16,641/-റൂഫിംഗ്, പ്ലാസ്റ്ററിംഗ് മുതലായവ | 1,04,661/- | -ടി- |

| | | | | |
|---|---|---|---|---|
| 11 | സഫിയ കെ,13-25 | 1,48,747/-റൂഫിംഗ് മാത്രം | 1,26,480/- | -ടി- |
| 12 | ജോയ്.പിജെ. 14-337 | 1,13,946/-റൂഫിംഗ് , പ്ലാസ്റ്ററിംഗ് മുതലായവ | 1,02,924/- | -ടി- |
| 13 | സൈനബ,15-385 | 1,15,502/-റൂഫിംഗ് മാത്രം | 1,06,674/- | -ടി- |
| 14 | സരോജിനി കെ വി, 16-313 | 1,36,460/-റൂഫിംഗ് , പ്ലാസ്റ്ററിംഗ് | 1,11,474/- | -ടി- |
| 15 | ശാന്ത,2-362 | 1,32,071/-റൂഫിംഗ് , പ്ലാസ്റ്ററിംഗ് മുതലായവ | 1,13,067/- | -ടി- |
| 16 | പൂമണി കെ,8-185 | 1,26,889/-രൂപ, റൂഫിംഗ്, പ്ലാസ്റ്ററിംഗ് | 1,07,170/- | -ടി- |

ക്രമനമ്പർ 5,9,11,13 ആയി വരുന്ന ഗുണഭോക്താക്കൾ മേൽക്കൂര നിർമ്മാണം മാത്രം ചെയ്യുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. സബ്സിഡിയായി 1,00,000/- രൂപ തന്നെ നല്കിയിട്ടുണ്ട്.

നാമമാത്ര തുക മാത്രം മറ്റിനങ്ങൾക്ക് വകയിരുത്തി, പ്രധാന ഇനമായി മേൽക്കൂര നിർമ്മാണം തന്നെയാണ് ക്രമനമ്പർ 2 ഒഴികെയുള്ള മറ്റ് ഗുണഭോക്താക്കളുടെ എസ്റ്റിമേറ്റുകളിലും ഉൾപ്പെടുത്തിയിട്ടുള്ളത്.

2) വീട് വാസയോഗ്യമാക്കുന്നതിന് വാസയോഗ്യമല്ലാത്ത വീട് ഉണ്ട് എന്നതായിരിക്കണം മാനദണ്ഡം. എന്നാൽ പ്രോജക്ടിൽ മാനദണ്ഡമായി കാണിച്ചത് ഉറപ്പുള്ള ചുമരുകളും ജീർണ്ണിച്ച മേൽക്കൂരയുമുള്ള വീടുകൾ എന്നാണ്. ആയത് മേൽക്കൂര മാറ്റൽ പദ്ധതിയുടെ മാനദണ്ഡമാണ്.

3) അവസാന ഗഡു അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യേഷന ശേഷമായിരിക്കണം നൽകേണ്ടത്. എഞ്ചിനീയർ നല്കിയ വാല്യേഷനിൽ ഏതൊക്കെ ഇനങ്ങളാണ് ചെയ്തതെന്നോ എസ്റ്റിമേറ്റ് പ്രകാരമുള്ള ഇനങ്ങൾ ചെയ്തിട്ടുണ്ടെന്നോ രേഖപ്പെടുത്തിയിട്ടില്ല. എസ്റ്റിമേറ്റിനേക്കാൾ കുറഞ്ഞ തുകയാണ് ഭൂരിഭാഗം ഗുണഭോക്താക്കളുടെ കാര്യത്തിലും വാല്യേഷനായി കാണിച്ചിട്ടുള്ളതെന്നതിനാൽ ഏതൊക്കെ ഇനങ്ങൾ എത്ര അളവിൽ ചെയ്തിട്ടുണ്ട് എന്ന് രേഖപ്പെടുത്താതിരുന്നത് അപാകമാണ്.

4) ഗുണഭോക്താക്കളുടെ അപേക്ഷകളിൽ വീടുകളുടെ അവസ്ഥ വ്യക്തമാക്കുന്നില്ല. അപേക്ഷകളിലെ അന്വേഷണ റിപ്പോർട്ടുകളിലും പ്രസ്തുത കാര്യം രേഖപ്പെടുത്തിയിട്ടില്ല.

5) എസ്റ്റിമേറ്റിൽ പഴയ മേൽക്കൂര പൊളിച്ച മാറ്റുന്ന ഇനം ഉൾപ്പെടുത്തിയിട്ടില്ല.
ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/18-19 ന് നല്കിയ മറുപടിയിലും എക്സിറ്റ് മീറ്റിംഗിലും സാങ്കേതിക ജ്ഞാനമില്ലാത്തതിനാൽ എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയ ആകെ തുക മാത്രമാണ് പരിശോധിച്ചതെന്നും മറ്റിനങ്ങൾ ചെയ്തിട്ടുണ്ടെങ്കിലും എസ്റ്റിമേറ്റിൽ അവ ഉൾപ്പെട്ടിട്ടില്ല എന്ന കാര്യം ശ്രദ്ധിച്ചിരുന്നില്ല എന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയത്. മറുപടി തൃപ്തികരമല്ല.
മേൽക്കൂര മാറ്റൽ മാത്രം ചെയ്ത ഗുണഭോക്താക്കൾക്ക് നല്കിയ അധിക സബ്സിഡിയായ 1,00,000/- രൂപ (4*25000) തടസത്തിൽ വെക്കുന്നു. മറ്റ് പ്രവൃത്തികൾ ചെയ്തിട്ടുണ്ടെങ്കിൽ ആയത് തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# 1-26 പ്ലാസ്റ്റിക്ക് ശേഖരണ പദ്ധതി -മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കപ്പെട്ടിട്ടില്ല

| പ്രോജക്ട് നമ്പർ | അടങ്കൽ ₹ | ചെലവ്- ചെക്ക് നമ്പർ, തീയതി | തുക | റിമാർക്സ് |
|---|---|---|---|---|
| 149/18, 101/19 | 2,00,000 തനത് ഫണ്ട് | 619477/26.07.18 | ₹2,00,000 | സി ഡി എസ് ന് നല്കിയത് |

2017-18 സാമ്പത്തിക വർഷം പ്ലാസ്റ്റിക്ക് മാലിന്യ ശേഖരണം നടത്തിയ അയൽക്കൂട്ടം അംഗങ്ങൾക്ക് കൂലി നല്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണിത്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ബാധകമായ നിരക്കിൽ താഴെ പറയും പ്രകാരമാണ് തുക നല്കിയത്.

12 മാസം *4പേർ* 16വാർഡ്*@258രൂപ + വാഹനക്കൂലി ₹1856 = ₹2,00,000

മസ്റ്റർ റോളിന്റെ അടിസ്ഥാനത്തിൽ കൂലി നല്കുകയും അവശേഷിക്കുന്ന തുക വാഹന വാടകയായി നല്കുകയുമാണ് ചെയ്തത്. 2017-18 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ നിന്നും തുക ചെലവഴിക്കാതെ 2018-19 വർഷം സ്പിൽ ഓവർ പദ്ധതിയായി നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.
ഗ്രാമപഞ്ചായത്തിലെ പ്ലാസ്റ്റിക്ക് ശേഖരണ പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

യൂസർ ഫീ
ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്ന് പ്ലാസ്റ്റിക്ക് ശേഖരിക്കുന്ന വൊളണ്ടിയർമാർക്ക് വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും യൂസർ ഫീ ശേഖരിക്കുന്നതിനായി തനത് ഫണ്ട് ഉപയോഗിച്ച് 100 റസീറ്റ് ബുക്കുകൾ പ്രിന്റ് ചെയ്യുകയും ഒരു വാർഡിന് രണ്ടെണ്ണം വീതമായി 32 എണ്ണം വിവിധ വാർഡുകളിലേക്ക് നല്കുകയും ചെയ്തിട്ടുണ്ട്.

ഇതിൽ 12 റസീറ്റ് ബുക്കുകൾ മാത്രമാണ് പരിശോധനക്കായി ഹാജരാക്കിയത്. കലക്ഷൻ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാലും മുഴവൻ റസീറ്റ് ബുക്കുകളും പരിശോധനക്കായി ഹാജരാക്കിയിട്ടില്ലാത്തതിനാലും എത്ര തുക വരവു വന്നിട്ടുണ്ട് എന്ന് വ്യക്തമല്ല. ഉപയോഗിച്ച റസീറ്റ് ബുക്കുകൾ ഗ്രാമപഞ്ചായത്തിൽ തിരികെ ഏല്പിക്കുന്നതിനും ശേഖരിച്ച തുകയുടെ വിശദാംശങ്ങൾ നല്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നല്കേണ്ടതാണ്.

മാർഗ്ഗരേഖ

പ്ലാസ്റ്റിക്ക് ശേഖരണപദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് സമീപനം സംബന്ധിച്ച മാർഗ്ഗരേഖ തയ്യാറാക്കി ഭരണ സമിതി അംഗീകരിച്ചിട്ടില്ല എന്നത് പോരായ്മയാണ്. നല്കിയ റസീറ്റ് ബുക്കുകൾ ഉപയോഗപ്പെടുത്തി വീടുകളിൽ നിന്ന് 20/- രൂപ നിരക്കിലും കടകളിൽ നിന്ന് 30/- രൂപ നിരക്കിലും യൂസർ ഫീസ് ശേഖരിച്ചിട്ടുണ്ടെങ്കിലും തുക ഏത് രീതിയിൽ വിനിയോഗിക്കണമെന്നോ വൊളണ്ടിയർമാരുടെ കൂലി എത്രയെന്നോ നിശ്ചയിക്കപ്പെട്ടിട്ടില്ല.

പ്ലാസ്റ്റിക്ക് ശേഖരണ കേന്ദ്രത്തിന്റെ പ്രവർത്തന മാർഗ്ഗരേഖയും തയ്യാറാക്കേണ്ടതുണ്ട്. ഹരിത കേരള മിഷൻ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് സുതാര്യമായ രീതിയിലാണ് പ്ലാസ്റ്റിക്ക് ശേഖരണ പദ്ധതി നടക്കുന്നതെന്ന് ഉറപ്പു വരുത്തേണ്ടതും 2018-19 സാമ്പത്തിക വർഷം ശേഖരിച്ച തുകയുടെ വാർഡ് തിരിച്ചുള്ള കണക്കുകളും വിനിയോഗ വിവരങ്ങളും തയ്യാറാക്കി പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്.

# 1-27 ജലനിധി പദ്ധതി- കുടിവെള്ള പദ്ധതികൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ജലനിധി ഒന്നാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ഗ്രാമപഞ്ചായത്തായിരുന്നിട്ടും നിലവിലും കുടിവെള്ള പ്രശ്നം പരിഹരിക്കപ്പെട്ടിട്ടില്ല എന്നാണ് മിനുട്സുകൾ വ്യക്തമാക്കുന്നത്. ജലനിധി പദ്ധതിയുടെ ഭാഗമായി 64 കുടിവെള്ള പദ്ധതികൾ സ്ഥാപിക്കപ്പെട്ടിരുന്നതിൽ പകുതിയോളം എണ്ണം മാത്രമാണ് നിലവിൽ ഗുണഭോക്തൃസമിതികൾ വഴി നല്ല രീതിയിൽ നടന്നു പോകുന്നത് എന്നും ബാക്കിയുള്ളവ വിവിധ കാരണങ്ങളാൽ പ്രവർത്തന ക്ഷമമല്ല എന്നുമാണ് എക്സിറ്റ് മീറ്റിംഗിൽ പ്രസിഡണ്ട് അറിയിച്ചത്. ഗുണഭോക്തൃ സമിതികളുടെ പ്രവർത്തനം ഏകോപിപ്പിച്ചു കൊണ്ട് കുടിവെള്ള പദ്ധതികൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകേണ്ടതുണ്ട്.

# 1-28 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- മേൽനോട്ടം കാര്യക്ഷമമാക്കേണ്ടതാണ്

1) പെരുന്തട്ട യു പി സ്കൂളിന് ചുറ്റുമതിൽ നിർമ്മാണം-അധികം നല്കിയ തുക തിരിച്ചു പിടിക്കേണ്ടതാണ്

വാർഡ് 2

അടങ്കൽ ₹2,63,05

ചെലവ് ₹2,71,027 (2018-19 ൽ കൂലിയിൽ വർധനവ് വന്നതിനാലും കണക്കു കൂട്ടലിൽ പിഴവ് വന്നതിനാലും ചെലവ് കൂടിയിട്ടുണ്ട്)

എം ബുക്ക് നമ്പർ 385/2017-18

കയർ ഭൂവസ്ത്രം ഉപയോഗിച്ച് ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണിത്. 2017-18 ൽ ആരംഭിച്ച പ്രസ്തുത പ്രവൃത്തിയുടെ പുല്ല് വച്ചു പിടിപ്പിക്കുന്ന പ്രവൃത്തിയും ആയതിന് വെള്ളമൊഴിച്ച് സംരക്ഷിക്കലും ബയോ ഫെൻസിംഗുമാണ് ഓഡിറ്റ് വർഷം ചെയ്തിട്ടുള്ളത്.

(a) ഇനം നമ്പർ 6 Watering and maintaining the rooting material over the geo textile for one day inclusive of the replacement of damaged portion including all charges complete ന് എസ്റ്റിമേറ്റ് പ്രകാരം നല്കാവുന്ന നിരക്ക് 3.39/m2(.0125 beldhar for 1square metre @271).എന്നാൽ എം ബുക്ക് നമ്പർ 385/17-18 ൽ 65x2 =390m2 എന്ന് അളവു രേഖപ്പെടുത്തി 43.36/m2 നിരക്ക് അനുവദിച്ച് 16,910/- രൂപയാണ് മൂല്യനിർണ്ണയം രേഖപ്പെടുത്തിയത്. അളവ് രേഖപ്പെടുത്തിയതിൽ 260m2 ന്റെ വ്യത്യാസമുണ്ട്.(65x2=130,390-130=260m2).

മേൽക്കാരണങ്ങളാൽ പ്രസ്തുത ഇനം ചെയ്യുന്നതിനായി കണക്കാക്കിയ മനുഷ്യദിനങ്ങളിലും വാടകയിലും വർധനവ് വരാനിടയായിട്ടുണ്ട്.

അനുവദിക്കാവുന്ന തുക 130x3.39/m2=440.7/- രൂപ

അനുവദിച്ചത് 390x43.36 = 16,910/- രൂപ

അധികം നല്കിയത് = 16469.7രൂപ + വാടക

മനുഷ്യ ദിനങ്ങൾക്കനുസൃതമായി തുക കണക്കാക്കുന്നതിനു പകരം വാലുവേഷൻ നടത്തിയ ശേഷം മനുഷ്യദിനങ്ങൾ കണ്ടെത്തുന്നത് ശരിയായ രീതിയല്ല.

അധികം നല്കിയ തുക തിരിച്ചു പിടിക്കേണ്ടതാണ്.

b) 1200 m2 പുല്ല് വച്ച് പിടിപ്പിച്ചതിൽ 130m2 ന് മാത്രം സംരക്ഷണം നല്കിയതിന്റെ കാരണം വ്യക്തമാക്കപ്പെട്ടിട്ടില്ല

2. പോത്താംകണ്ടം സ്കൂളിനു ചുറ്റുമതിൽ നിർമ്മാണം

എം ബുക്ക് നമ്പർ 386/17-18

പ്രസ്തുത പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയതിൽ പിഴവുകൾ വന്നിട്ടുണ്ട്.

a) ഇനം നമ്പർ 2 Earth work excavation in all classes of soil (30% O.S,70% H.S) – പേജ് 7ൽ 18x15x.4 രേഖപ്പെടുത്തിയത് 180m3 എന്നാണ്. എന്നാൽ 108 m3 ആണ് വരേണ്ടിയിരുന്നത്. ആയതിനാൽ മൂല്യനിർണ്ണയം നടത്തിയതിൽ 72m3 ന്റെ മൂല്യം അധികമായി ചേർക്കാനിടയായിട്ടുണ്ട്.

b) ഇനം നമ്പർ 5 ൽ എല്ലാ പേജുകളിൽ നിന്നുമുള്ള അളവുകൾ ക്യാരി ഫോർവേർഡ് ചെയ്യാതെ മൂല്യനിർണ്ണയം നടത്തിയതിനാൽ 1232 m2 ചേർക്കേണ്ടതിനു പകരം 675m2 മാത്രമാണ് ചേർത്തത്. എന്നാൽ അതാത് സമയത്തെ വാല്വേഷന്റെ അടിസ്ഥാനത്തിൽ രണ്ടാഴ്ച്ചയിലൊരിക്കൽ കൂലി നൽകുന്നതിനാൽ കൂലി നൽകിയതിൽ കുറവു വന്നിട്ടില്ല.

c)മെറ്റീരിയൽ കോസ്റ്റ് 1,60,191/- രൂപയാണെങ്കിലും അവസാന പേജിൽ 2,01,264/- രൂപയാണ് മെറ്റീരിയൽ കോസ്റ്റായി കാണിച്ചത്.

d) സമാന രീതിയിലുള്ള പ്രവൃത്തികളിൽ സൈറ്റ് ക്ലിയറൻസിനും എർത്ത് വർക്കിനും ആനുപാതികമായ അളവിലാണ് ജിയോ ടെക്സ് ടൈൽസ് വിരിച്ചിരുന്നത്. എന്നാൽ ഈ പ്രവൃത്തിയിൽ സൈറ്റ് ക്ലിയറൻസും ഇനം നമ്പർ 3-cutting of geotextile എന്നയിനവും എർത്ത് വർക്കും 1232 m2 ഏരിയയിലാണ് ചെയ്തതെങ്കിലും 1800m2 കയർ ഭൂവസ്ത്രം വിരിച്ചിട്ടുണ്ട് (43m2 ഓവർലാപ്പിംഗ്). ഇതു സംബന്ധിച്ച വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

സാധന ഘടകം ഉൾപ്പെടുന്ന പ്രവൃത്തികളിൽ കൂടുതലും റോഡ് സോളിംഗ് പ്രവൃത്തികളാണ്. ലാറ്ററൈറ്റ് സോളിംഗ് സ്റ്റോണാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത്. സാധനങ്ങൾ വാങ്ങുന്നതിന് ഒരുമിച്ച് ടെണ്ടർ ക്ഷണിച്ച് ഓരോ പ്രവൃത്തികളിലുമായി തുക വിതരണം ചെയ്യുന്നതിനു പകരം ഓരോ പ്രവൃത്തിക്കുമായി പ്രത്യേകം ടെണ്ടർ ക്ഷണിച്ചതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. സോളിംഗ് നടത്തിയ റോഡുകളിൽ അതാത് വർഷം തന്നെ തുടർപദ്ധതികൾ എഞ്ചിനീയറിംഗ് വിഭാഗം ഏറ്റെടുക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
മെറ്റീരിയൽ പ്രവൃത്തികളിൽ ജി.ഒ.(എംഎസ്)93/2012/തസ്വഭവ തീയതി 31.03.12ലെ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് പരിശോധിക്കപ്പെടേണ്ടതാണ്.

3.എം ബുക്ക് വാങ്ങൽ
എം എൻ ആർ ഇ ജി എസ് പദ്ധതിയുടെ ഭാഗമായുള്ള സ്റ്റേഷനറി ചെലവുകൾ ഉൾപ്പെട്ട മുഴുവൻ ചെലവുകളും എൻആർ ഇ ജിഎസ് ഫണ്ടിൽ നിന്നാണ് വഹിക്കുന്നതെന്നിരിക്കെ തനത് ഫണ്ട് വിനിയോഗിച്ച് എം ബുക്ക് വാങ്ങുന്നത് പുനപ്പരിശോധിക്കേണ്ടതാണ്. പ്രതിവർഷം 300 നു മുകളിൽ എം ബുക്കുകൾ ഗ്രാമപഞ്ചായത്തു ഫണ്ട് ഉപയോഗിച്ച് ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും വാങ്ങി എം എൻ ആർ ഇ ജി എസ് പ്രവൃത്തികൾക്കായി നൽകുന്നുണ്ട്.

# 1-29 സാന്ത്വന പരിചരണ പദ്ധതി-ചെലവുകൾ സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കുന്ന നിരക്കിൽ പരിമിതപ്പെടുത്തേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നം. | 75/19 |
| പ്രോജക്ടിന്റെ പേര് | സാന്ത്വന പരിചരണം. |
| അടങ്കൽ | ₹6,00,000 |

| | |
|---|---|
| ചെലവ് | ₹4,83,635 |
| <u>ചെലവ്</u><br>ബിൽനം./ചെക്ക് നം./ തീയ്യതി/ തുക | മുകളിൽ കൊടുത്ത ചെലവിൽ ഉൾപ്പെട്ട ബിൽ നമ്പർ 14/18-19, 28.3.2019. ₹7800 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട്,<br>താലൂക്ക് ഹോസ്പിറ്റൽ, പെരിങ്ങോം. |

മേൽ പദ്ധതിയുടെ ഭാഗമായി 16.01.2019-ന് പെരിങ്ങോം താലൂക്ക് ഹോസ്പിറ്റൽ കോൺഫറൻസ് ഹാളിൽ വെച്ച് നടത്തിയ പാലിയേറ്റീവ് ഡേ ഒബ്സർവേഷൻ & വളണ്ടിയേഴ്സ് പരിശീലന പരിപാടിയിൽ 51 പേർ പങ്കെടുത്തിട്ടുണ്ട്. പ്രസ്തുത പരിശീലനത്തിന് സ.ഉ(സാധാ)നം.3217/2015./ത.സ്വ.ഭ.വ-തീയതി 29.10.2015-ലെ ഖണ്ഡിക 2.6.14 പ്രകാരം പാലിയേറ്റീവ് പരിചരണ പദ്ധതി വളണ്ടിയർമാരുടെ പരിശീലനത്തിന് പങ്കെടുക്കുന്ന ഒരാൾക്ക് പരമാവധി ഭക്ഷണ ചെലവ് 60/- രൂപയും, മറ്റു ചെലവുകൾക്കായി പരമാവധി 2,000/- രൂപയുമാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഇതിന് വിരുദ്ധമായി ബിൽ നം.14/18-19/28.3.2019-ൽ ഉൾപ്പെട്ട 7,800/- രൂപയിൽ ഭക്ഷണത്തിന് ചെലവഴിച്ച തുകയുടെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ഭക്ഷണം കഴിച്ചവരുടെ എണ്ണം | തീയ്യതി | ചെലവഴിച്ച തുക ₹ | ചെലവഴിക്കാവുന്ന പരമാവധി തുക ₹ | അധികം ചെലവഴിച്ച തുക. ₹ | വൗച്ചർ നം. |
|---|---|---|---|---|---|
| 50 | 16.1.2019 | 6000 | 3000 | 3000 | 109/18-19 |

പാലിയേറ്റീവ് കെയർ വളണ്ടിയർമാരുടെ പരിശീലനത്തിന് ഭക്ഷണ ചെലവിനത്തിൽ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചതിനേക്കാൾ കൂടുതലായി 3,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കുന്ന നിരക്കിൽ ചെലവുകൾ പരിമിതപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

# <u>ഭാഗം -4</u>

# <u>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | പരിശോധിച്ച തീയതി | |
|---|---|---|
| 2018-19 | 20.07.19,21.07.19 | കെഎസ്എ/കെഎൻആർ/സി1/ 1228/19 തീയതി 14.08.2019 |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2018-19 | 3,00,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, 73/19 | 3,00,000 | 0 |
| | | 22,73,860 | ലൈഫ് ഭവന നിർമ്മാണ പദ്ധതി-ജനറൽ, 38/19 | 22,73,860 | 0 |
| | | 5,41,570 | ലൈഫ് ഭവന നിർമ്മാണ പദ്ധതി-എസ് ടി, 40/19 | 4,90,000 | 51,570 |
| | | 4,00,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, 58/19 | 4,00,000 | 0 |
| | | 7,500 | ഒന്നാം ക്ലാസ് ഒന്നാം തരമാക്കൽ, 69/19 | 4,800 | 2,700 |
| | | 1,00,000 | സാന്ത്വന പരിചരണം, 75/19 | 0 | 1,00,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2,12,500 | നെൽക്കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി,വിത്ത് വിതരണം-6/19 | 2,12,500 | 0 |
| | | 3,00,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, | 3,00,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | 73/19 | | |
| | | 9,57,803 | ലൈഫ് ഭവന നിർമ്മാണ പദ്ധതി-ജനറൽ,38/19 | 9,57,340 | 463 |
| | | 1,40,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്,58/19 | 1,40,000 | 0 |
| | | 12,00,000 | നീലിരിങ്ങ പാങ്കയം തോടിന് തടയണ നിർമ്മാണം, 157/19 | 0 | 12,00,000 |
| | | 1,00,000 | സാന്ത്വന പരിചരണം, 75/19 | 89,497 | 10,503 |

സംയുക്ത പദ്ധതികൾക്കായി ലഭിക്കുന്ന ഫണ്ട് അതാത് വർഷം വിനിയോഗിക്കാതെ തുടർന്നുള്ള വർഷങ്ങളിലേക്ക് ക്യാരി ഫോർവേർഡ് ചെയ്യുന്നത് ശരിയായ നടപടിയല്ല.

# 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷം 1,76,45,000/- രൂപ വായ്പയെടുത്തത് മുഴുവനായും വിനിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് , ഉദ്ദേശ്യം | സർക്കാർ ഉത്തരവ് നമ്പർ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം എടുത്ത വായ്പ | ഓഡിറ്റ് വർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഇഎംസ് ഭവന നിർമ്മാണ പദ്ധതി വായ്പ | സ.ഉ.(സാധാ) 274/2010/ തസ്വഭവ തീയതി 27.01.2010 (ആകെ വായ്പ എടുത്തത് 1,53,09,000/- രൂപ) | 13,74,531 | -- | 6,99,200 | 6,75,331 |
| ഹഡ്കോ ലോൺ, ലൈഫ് ഭവനനിർമ്മാണ പദ്ധതി | സ.ഉ.(എംഎസ്) 68/19/തസ്വഭവ തീയതി 18.05.18, സഉ(എംഎസ്) 111/19 തസ്വഭവ തീയതി13.08.18 | -- | 1,76,45,000 | -- | 1,76,45,000 |

# 4-6 സ്ഥിര നിക്ഷേപങ്ങൾ,ഇൻവെസ്റ്റ്മെന്റുകൾ

താഴെ പറയും പ്രകാരം 30,000/- രൂപയുടെ ഷെയർ സർട്ടിഫിക്കറ്റുകൾ ഉണ്ട്.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന ഷെയർ സർട്ടിഫിക്കറ്റ് മൂല്യം | 30,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 30,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന ഷെയർ സർട്ടിഫിക്കറ്റ് മൂല്യം | 30,000 |

വർഷാവസാനം അവശേഷിക്കുന്ന ഷെയർ സർട്ടിഫിക്കറ്റുകളുടെ വിവരം

| ക്രമ നമ്പർ | നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|---|
| 1 | കണ്ണൂർ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റിയുടെ ഡി ക്ലാസ് ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 49, മെമ്പർ നമ്പർ 35 ഡി | 10,000 |
| 2 | മലബാർ ടൂറിസം ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ സർട്ടിഫിക്കറ്റ് നമ്പർ 4430 | 20,000 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1,98,770/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2009-10,10-11 | 2-4 | 387 | ശ്രീ രവീന്ദ്രൻ | 118040104981/21.01.19 |
| | | 98 | ശ്രീ രാജീവൻ എ വി പി | 118040104982/21.01.19 |
| | | 58 | ശ്രീമതി രമ പാതാലിൽ | 118040104983/21.01.19 |
| | | 39 | ശ്രീമതി ഓമന | 118040104984/21.01.19 |
| | | 594 | ശ്രീമതി തുളസി | 118040104985/21.01.19 |
| | | 173 | ശ്രീ പി കെ തുളസീദാസൻ | 118040104986/21.01.19 |
| | | 141 | ശ്രീ എം പി സതീശൻ | 118040104987/21.01.19 |
| | | 132 | ശ്രീ മടാലൻ ഗഫൂർ | 118040104988/21.01.19 |
| | | 72 | ശ്രീ രവീന്ദ്രൻ ചെറുക്കനി | 118040104989/21.01.19 |
| | | 112 | ശ്രീമതി തുന്തക്കാച്ചി സൌദാബി | 118040104990/21.01.19 |
| | | 132 | ശ്രീമതി പൊന്നു എരമത്ത് | 118040104991/21.01.19 |
| 2009-10, 2010-11 | 2-4(14) | 112 | ശ്രീമതി.ഉന്നക്കാച്ചി സൗദാബി | 118040102624/24.10.18 |
| 2011-12, 2012-13 | 2-2 | 970 | ശ്രീ.സച്ചിദാനന്ദൻ | 118040102569/20.10.18 |
| 2016-17 | 2-3 | 1,95,750 | ശ്രീ അലക്സ് ജോസഫ് | 118040500016/12.12.18 |
| | ആകെ | 1,98,770 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ

അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2007-08 | 3-1 | 2011-12<br>2-6 | നിക്ഷേപ പ്രവൃത്തികൾ നടപടികൾ പാലിക്കാതെ നടപ്പിലാക്കിയത് | 2888/പ്രോഡക്ട്സ്/ അനർട്ട്/2012 തീയതി 29.08.2016 ലെ കത്ത് പ്രകാരം തുക തിരിച്ചടച്ചിട്ടുണ്ട്. |

# 4-9 ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 9,52,09,854 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 9,00,91,828 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ₹7,055 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹17,33,600 |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 5,242 | ശ്രീമതി.പി.വി.കെ.മഞ്ജൂഷ, സെക്രട്ടറി |
| 1-15 | 1,813 | ശ്രീ.ഗണേശൻ.എം.ടി.,അസി.എഞ്ചിനീയർ -₹785<br>ശ്രീ വാമനൻ.പി,അസിസ്റ്റന്റ് എഞ്ചിനീയർ -₹1028 |
| | ₹7,055 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 12,44,700 | ശ്രീമതി.ബീന കെ, ഐസിഡിഎസ് സൂപ്പർവൈസർ |
| 1-23 | 3,88,900 | ശ്രീ.ദാമോദരൻ പി,<br>ഹെഡ്മാസ്റ്റർ, ജി യു പി എസ്, പോത്താംകണ്ടം |
| 1-25 | 1,00,000 | ശ്രീ.അരുൺകുമാർ.എം, വി ഇ ഒ |
| ആകെ | ₹17,33,600 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.പി.വി.കെ. മഞ്ജുഷ, സെക്രട്ടറി | സെക്രട്ടറി,<br>പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത് | ഒളവറ,<br>പയ്യന്നൂർ |
| ശ്രീ.ഗണേശൻ.എം.ടി, അസി.എഞ്ചിനീയർ | ലഭ്യമല്ല | ലഭ്യമല്ല |
| ശ്രീ.വാമനൻ.പി, അസിസ്റ്റന്റ് എഞ്ചിനീയർ | അസി.എഞ്ചിനീയർ,<br>കാങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്ത് | അരിയിൽ,<br>ചൂരൽ,<br>മാത്തിൽ.പി.ഒ. |
| ശ്രീമതി.ബീന കെ, ഐസിഡിഎസ് സൂപ്പർവൈസർ | ഐസിഡിഎസ് സൂപ്പർവൈസർ,മാടായി ഗ്രാമപഞ്ചായത്ത് | കൊയ്യൻ ഹൗസ്,<br>കാരന്താട്,പിഒ |
| ശ്രീ.ദാമോദരൻ പി, | ഹെഡ്മാസ്റ്റർ ,ജി യു പി | പന്നക്കോടൻ |

| | | |
|---|---|---|
| ഹെഡ്മാസ്റ്റർ, ജി യു പി എസ്, പോത്താംകണ്ടം | എസ്, പോത്താംകണ്ടം | ഹൗസ് |
| ശ്രീ.അരുൺകുമാർ.എം, വി ഇ ഒ | വി ഇ ഒ, ചെറുപുഴ | |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | കെഎസ്എ/കെഎൻആർ/ സി1-771/19 തീയതി 20.06.2019 | 1 |
| 1999-00 | കെഎസ്എ/കെഎൻ ആർ/ സി1-771/19 തീയതി 20.06.2019 | 2 |
| 2000-01 (പദ്ധതിയേതരം) | കെഎസ്എ /കെഎൻ ആർ/ സി1-771/19 തീയതി 20.06.2019 | 1 |
| 2001-02(പദ്ധതി) | കെഎസ്എ/കെഎൻ ആർ/ സി1-771/19 തീയതി 20.06.2019 | 1 |
| 2002-03 | കെഎസ്എ/കെഎൻ ആർ/ സി1-771/19 തീയതി 20.06.2019 | 1 |
| 2003-04 | കെഎസ്എ/കെഎൻ ആർ/ സി1-771/19 തീയതി 20.06.2019 | 5 |
| 2004-05 | കെഎസ്എ/കെഎൻആർ/ സി1-771/19 തീയതി 20.06.2019 | 3 |
| 2005-06 | കെഎസ്എ/കെഎൻആർ/ സി1-771/19 തീയതി 20.06.2019 | 9 |
| 2006-07 | കെഎസ്എ/കെഎൻആർ/ സി1-771/19 തീയതി 20.06.2019 | 2 |
| 2007-08 | കെഎസ്എ/കെഎൻആർ/ സി1- | 3 |

| | | |
|---|---|---|
| | 771/19 തീയതി 20.06.2019 | |
| 2008-09 | കെഎസ്എ/കെഎൻആർ/ സി1-771/19 തീയതി 20.06.2019 | 14 |
| 2009-10,10-11 | കെഎസ്എ/കെഎൻആർ/ സി1-771/19 തീയതി 20.06.2019 | 2 |
| 2011-12,12-13 | കെഎസ്എ/കെഎൻആർ/ സി1-771/19 തീയതി 20.06.2019 | 6 |
| 2013-14, 2014-15 | കെഎസ്എ/കെഎൻആർ/ സി1-771/19 തീയതി 20.06.2019 | 2 |
| 2015-16 | കെഎസ്എ/കെഎൻആർ/ സി1-771/19 തീയതി 20.06.2019 | 5 |
| 2016-17 | കെഎസ്എ/കെഎൻആർ/ സി1-771/19 തീയതി 20.06.2019 | 6 |
| 2017-18 | കെഎസ്എ/കെഎൻആർ/ സി1-1592/18 തീയതി 10.12.2019 | 18 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെഎസ്എ/കെഎൻആർ/സി.1/121/2020.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698

തീയ്യതി:02.03.2020.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## <u>അനുബന്ധം-2-1 റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്</u>

| Peringome Vayakkara Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 11573828.00 |
| | | | |

| | | | |
|---|---|---|---|
| Cash | Cash | RP-40(a) | 100991.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1320040.00 |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 1083496.00 |
| 150000000 | Sale & Hire Charges | RP-5 | 484676.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 57334403.00 |
| 171000000 | Interest Earned | RP-9 | 291579.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 9406557.00 |
| 350000000 | Other Liabilities | RP-36 | 459477.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 0.0 |
| | Non Operating | | |
| 180000000 | Other Income | RP-10 | 3305.00 |
| 311000000 | Earmarked Funds | RP-29 | 102169.00 |
| 330000000 | Secured Loans | RP-32 | 17645000.00 |
| 340000000 | Deposits Received | RP-34 | 717644.00 |
| 350000000 | Other Liabilities | RP-36 | 354073.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 6007435.00 |
| 440000000 | Pre-paid Expenses | RP-45 | 0.0 |
| | Grand total | | 106884673.00 |
| | PAYMENTS | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 4217382.00 |
| 220000000 | Administrative Expenses | RP-12 | 833832.00 |
| 230000000 | Operations & Maintenance | RP-13 | 504087.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 6547937.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 42148872.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 5010801.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 841145.00 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 693741.00 |
| 255000000 | Maintenance Projects | RP-20 | 5870235.00 |

| | | | |
|---|---|---|---|
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 550000.00 |
| 280000000 | Prior Period item | RP-26 | -200420.00 |
| 311000000 | Earmarked Funds | RP-29 | 0.0 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 563281.00 |
| 350000000 | Other Liabilities | RP-36 | 6061186.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1025.00 |
| 280000000 | Prior Period Item | RP-26 | -4932.00 |
| 311000000 | Earmarked Funds | RP-29 | 62000.00 |
| 330000000 | Secured Loans | RP-32 | 699200.00 |
| 340000000 | Deposits Received | RP-34 | 219760.00 |
| 350000000 | Other Liabilities | RP-36 | 2588552.00 |
| 410000000 | Fixed Assets | RP-38 | 10652941.00 |
| 412000000 | Capital work in Progress | RP-40 | 1222408.00 |
| 440000000 | Pre-paid Expenses | RP-45 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 1008795.00 |
| Closing Balance | | | |
| Bank | Bank | RP-40(b) | 16792845.00 |
| Cash | Cash | RP-40(b) | 0.0 |
| Grand Total | | | 106884673.00 |

# അനുബന്ധം-2-2 ഇൻകം & എക്സ് പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Peringome Vayakkara Grama Panchayat<br>INCOME & EXPENDITURE STATEMENT<br>For the period from 01-April-2018 to 31-March-2019 | | | |
|---|---|---|---|
| Code.No. | Description of Items | Schedule No. | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5491380.00 |
| 130000000 | Rental Income from Panchayat/ Municipal Properties | I-3 | 783105.00 |
| 140000000 | Fee & User Charges | I-4(b) | 1586036.00 |
| 150000000 | Sale & Hire Charges | I-5(b) | 484676.00 |
| 160000000 | Revenue Grants, Funds, Contributions & Compensations /Subsidies | I-6 | 149183676.00 |
| 171000000 | Interest Earned | I-8 | 291579.00 |
| 180000000 | Other Income | I-9 | 3305.00 |
| | Total Income | | 157823757.00 |

| | | | |
|---|---|---|---|
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 12247119.00 |
| 220000000 | Administrative Expenses | I-11(b) | 833832.00 |
| 230000000 | Operations & Maintenance | I-12(b) | 521858.00 |
| 240000000 | Interest & Finance Charges | I-13 | 1025.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6547937.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 71585945.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 5025849.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 841145.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 55441641.00 |
| 255000000 | Maintenance Projects | I-14(e) | 5870235.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 81478.00 |
| 260000000 | Grants, Contributions & Compensation from Own Fund /Subsidies | I-15 | 550000.00 |
| 270000000 | Provisions and Write off | I-16 | 2962.00 |
| 272000000 | Depreciation | I-17(a) | 2928600.00 |
| | Total Expenditure | | 162479626.00 |
| | Gross Surplus/ Deficit of income over Expenditure | | -4655869.00 |
| 280000000 | Prior Period Item | I-18 | 3233.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -4659102.00 |

# അനുബന്ധം-2-3 ബാലൻസ് ഷീറ്റ്

| Peringome Vayakkara Grama Panchayat<br><br>BALANCE SHEET As on 31st March 2019 | | | |
|---|---|---|---|
| Code.No. | Description of Items | Schedule No. | Amount |
| | | | |

| | | | |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -37109367.90 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or<br>Agency Fund | B-2 | 43648.00 |
| 312000000 | Reserves | B-3 | 95475042.00 |
| | Total Reserve & Surplus | | 58409322.10 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 9676448.00 |
| | Total Grants, Contributions for Specific Purposes | | 9676448.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 18320331.00 |
| | Total Loans | | 18320331.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1301113.40 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1740862.50 |
| | Total Current Liabilities and Provisions | | 3041975.90 |
| | TOTAL LIABILITIES | | 89448077.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 111522501.00 |
| 411000000 | Accumulated Depreciation | B-11 | -40903003.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 70619498.00 |
| 420000000 | Investments | B-12 | 30000 |
| | Total investments | | 30000 |
| Current Assets , loans and advances | | | |
| 430000000 | Stock-in-hand | B-14 | 0 |
| | | | |

| | | | |
|---|---|---|---|
| 431000000 | Sundry Debtors(Receivables | B-15 | 673928 |
| 440000000 | Pre-paid Expenses | B-16 | 675331.00 |
| 450000000 | Cash and Bank Balances | B-17 | 16792845 |
| 460000000 | Loans ,advances and deposits | B-18 | 656475.00 |
| | Total currents Assets , Loans Advances | | 18798579.00 |
| | TOTAL ASSET | | 89448077.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.